

# മരിയഭക്തിയും
# വത്തിക്കാൻ സൂനഹദോസും

ഫാ. കമിൽ. സി. എം. ഐ

# മരിയഭക്തിയും
# വത്തിക്കാൻ സൂനഹദോസും



DHARMARAM COLLEGE
LIBRARY
BANGALORE

ഫാ. കമിൽ സി. എം. ഐ.

DHARMARAM COLLEGE LIBRARY
Ac. No. 84123
Call No. D44/ C146

(Malayalam)

MARIABHAKTHIYUM VATICAN SOONAHADOSUM

**Fr. Camil C. M. I.**

First Published October 1981

Published by

Author

Copy right Reserved.

Printed at

St. Joseph's Press Mannanam

Copies 1200

Price Rs. 3.25

Distributors:

SANJOS BOOK STALL MANNANAM

DEEPIKA BOOK HOUSE KOTTAYAM & KATTAPPANA

# അവതാരിക

തിരുസ്സഭയുടെ ആരംഭത്തിൽ തന്നെ മുളയെടുത്തു് വളർന്നു് വിടർന്നിട്ടുള്ളതാണ് മരിയ ഭക്തി. പരിശുദ്ധ കന്യകാ മറിയം ദൈവ മാതാവാണെന്നുള്ളതാണ് മറിയത്തിൻെറ മഹത്വത്തിനെല്ലാം നിദാനം. മറിയത്തിൻെറ ദൈവ മാതൃത്വത്തെ ആരും ചോദ്യം ചെയ്തിരുന്നില്ല അഞ്ചാം നൂററാണ്ടു വരെ. കോൺസ്റ്റാൻറിനോപ്പിാം മെത്രാനായിരുന്ന നെസ്തോറിയോസിൻെറ അബദ്ധപ്രബോധനത്തെ (മറിയം ദൈവമാതാവല്ല, ക്രിസ്തു ജനനി മാത്രം) A. D. 431ൽ എഫേസൂസിൽ സമ്മേളിച്ച സഭയുടെ മൂന്നാമത്തെ സാർവത്രിക സൂനഹദോസ് പാടെ നിരാകരിക്കുകയും പ. കന്യക മറിയത്തിൻെറ ദൈവമാതൃത്വം ഒരു വിശ്വാസ സത്യമായി അസ്സന്ദിഗ്ധം പ്രഖ്യാപിക്കുകയും ചെയ്തു. തിരുസ്സഭാ പിതാക്കന്മാരും പണ്ഡിതന്മാരും നാളിതുവരെയുള്ള മാപ്പാപ്പാമാരും മരിയ മാഹാത്മ്യത്തെ അംഗീകരിക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ഇരുപതാം നൂററാണ്ടിലെ ഏററവും മഹത്തായ സംഭവമെന്നു് പരക്കെ പറയപ്പെടുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ, മറിയത്തെപ്പററി ദൈവ മാതൃഭക്തിയെപ്പററി ഒരു പ്രത്യേക ഡിക്രി പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും, പ. കന്യകയെക്കുറിച്ചു് ഡ്രാഫ്റ്റ് ചെയ്തിരുന്ന പ്രത്യേക ഡിക്രി വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളിൽ ഏററവും സുപ്രധാനമായ ''ജനതകളുടെ പ്രകാശം'' (Lumen Gentium) എന്ന ഡിക്രിയിൽ എട്ടാമത്തെ അദ്ധ്യായമായി ഉൾപ്പെടുത്തിയിട്ടുണ്ടു് സമഗ്രമായും മനോഹരമായും. പ. കന്യകാമറിയത്തിൻെറ സ്ഥാന മാഹാത്മ്യം, ദൈവ മാതൃഭക്തിയുടെ പ്രാധാന്യം, ആവശ്യം എന്നിവ സമ്യക്കായി ദീർഘമായി പ്രതിപാദിച്ചിരിക്കു

ന്നു, ''ദൈവമാതാവായ കന്യകാ മറിയത്തിനു് മനുഷ്യാവതാരത്തിൻെറയും സഭയുടെയും രഹസ്യങ്ങളിലുള്ള സ്ഥാനം'' എന്ന ശീർഷകത്തിൽ. കൗൺസിൽ ദൈവമാതൃഭക്തിയെക്കുറിച്ചു് ഒരു പ്രത്യേക ഡിക്രി പുറപ്പെടുവിക്കാത്തതിനാൽ ദൈവമാതൃഭക്തിയെ തരം താഴ്ത്തി എന്ന ആരോപണം അർത്ഥശൂന്യവും ബാലിശവുമാണ്. കാരണം, കാമ്പോ കഴമ്പോ കാണുന്നില്ല അതിൽ. കൗൺസിലിനു ശേഷം ഭാഗ്യസ്മരണാർഹനായ ആറാം പൗലോസ് മാർപ്പാപ്പ 1974 ഫെബ്രുവരിയിൽ ''മരിയഭക്തി'' (Marialiscultus) എന്ന അഭിധാനത്തിൽ ഒരു ശ്ലൈഹിക ലേഖനവും പുറപ്പെടുവിച്ചു, മരിയഭക്തിയുടെ ആരംഭം, വളർച്ച, ആവശ്യം' പ്രാധാന്യം ആദിയായവ എടുത്തു കാണിച്ചുകൊണ്ടു്. ഒരു പുരോഗമന വാദിയായി അറിയപ്പെടുന്ന ബെൽജിയം കർദ്ദിനാൾ സൂനൻസിൻെറ കാഴ്ചപ്പാടിലും, കൗൺസിലിനു ശേഷം കുറേക്കാലത്തേയ്ക്കു് ചിലരുടെ മനോമുകുരങ്ങളിൽ പ. കന്യക ഒരു ഗ്രഹണ ഘട്ടത്തിലായിരുന്നുവെങ്കിലും, ഇന്നിതാ അവർ ചൈതന്യമുററ കത്തോലിക്കാ ജീവിതത്തിൻെറ മുൻപന്തിയിൽ എത്തിയിരിക്കുന്നു. ദൈവമാതൃഭക്തിയെ പിൻതള്ളാൻ ആർക്കും പററില്ല, കാരണം മിഴിവുററ കത്തോലിക്കാ ജീവിതത്തിലെ ഒരു അനിർവാര്യ ഘടകമത്രേ അതു്.

കേരള കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ദൈവ മാതൃഭക്തി പാവന സ്മരണാർഹനായ പതിമൂന്നാം ലെയോൻ മാർപ്പാപ്പായുടെ വാക്കുകളിൽ, ''അതു്, അവരുടെ പ്രത്യേക ഭക്തിയാണു്''. ക്രിസ്തു ശിഷ്യനായ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ കേരള ക്രൈസ്തവ സഭയ്ക്കു് പൈതൃകമായി (Patrimony) ലഭിച്ചിട്ടുള്ള ഒന്നാണു് ദൈവ മാതൃഭക്തി. നൂററാണ്ടുകളിലൂടെ നമ്മുടെ നാട്ടിലും നാട്ടാരിലും വളർന്നു് വിടർന്നു് പടർന്നു് പന്തലിച്ചുകൊണ്ടിരിക്കുന്ന ദൈവ മാതൃഭക്തിക്കു് മങ്ങലേററിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം ചുരുക്കം ചിലരുടെ ചിന്താക്കുഴപ്പം ഒന്നു മാത്രമാണ്. ആ ചിന്താക്കുഴപ്പത്തെ ദൂരീകരിക്കുവാൻ, മാററി മറിക്കുവാൻ

പോരുന്ന ഒന്നാണ് മരിയഭക്തിയും വത്തിക്കാൻ കൗൺസിലും'' എന്ന ഫാദർ കമിലിന്റെ ഈ ചെറു പുസ്തകം. പരപ്പാർന്ന വായനയുടെയും ധ്യാന മനനങ്ങളു ടെയും ഉടമയായ, സുപ്രസിദ്ധ ധ്യാന ഗുരുവായ ബ. കമിലച്ചന് അകംതുറന്ന് അഭിനന്ദനങ്ങൾ. അനേകം ഗ്രന്ഥങ്ങളുടെ കർത്താവായ അദ്ദേഹത്തിന്റെ പുതിയ പു സ്തകത്തിന് പ്രചുര പ്രചാരവും ആശംസിക്കുന്നു.

ഫാ. ജെ. ജെ. പുത്തൻകണ്ടം, സി. എം. ഐ.
പ്രിൻസിപ്പൽ,
സെൻറ് ജോസഫ്സ് ട്രെയിനിംഗ്
കോളേജ്, മാന്നാനം.

മാന്നാനം,
10–10–1981.

## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

1) മറിയം സഭാ മാതാവ്.
2) സ്വപ്നസദ്യ.
3) വി. ഗ്രന്ഥം. (സംഗ്രഹം).
4) സന്യാസവും വത്തിക്കാൻ സൂനഹദോസും.
5) ഇന്നത്തെ ക്രിസ്തു.
6) ജീവിക്കുന്ന ക്രിസ്തു.
7) അന്ത്യശാസനം.
8) ജൂബിലി വത്സരം.
9) ആദ്ധ്യാത്മികതയിലെ നൂതനാഭിമുഖ്യങ്ങൾ.
10) സന്മാർഗ്ഗ ശാസ്ത്രത്തിലെ പുതിയ സമീപനം.
11) സമഗ്രവിമോചകൻ.
12) കുടുംബജീവിതം.

# ഉള്ളടക്കം

പേജ്

1 വത്തിക്കാൻ സൂനഹദോസ്
ദൈവമാതൃഭക്തിയെ തരം താഴ്ത്തിയോ? 11

2 എന്തുകൊണ്ട് പ. കന്യകയെ
നാം വണങ്ങണം 20

3 മരിയഭക്തിയുടെ ത്രിതപരവും
ക്രിസ്തുമുഖവും സഭാപരവുമായ മൂല്യം 27

3 മരിയഭക്തി സംബന്ധിച്ച
നാലു നിർദ്ദേശങ്ങൾ 33

5 ചക്രായുധം 39

6 പ. കന്യകയും ലോകസമാധാനവും 49

7 മരിയഭക്തിയും എക്കുമേനിസവും 54

8 നാം പ്രത്യാശയർപ്പിക്കുന്ന മാതാവ് 60

9 പ്രകൃത്യതീതസ്ഫോടനം 64

## ഉപോൽഘാതം

എനിക്കു് സ്വർഗ്ഗത്തെ നശിപ്പിക്കുവാൻ സാധിക്കുകയില്ലെങ്കിൽ ഞാൻ സകല നാരകീയശക്തികളെയും സ്വർഗ്ഗത്തിനെതിരായി അണിനിരത്തും എന്നു് സിഗ്മണ്ടു് ഫ്രോയിഡു് എന്ന മനശാസ്ത്രപണ്ഡിതൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അതിനുവേണ്ടി അദ്ദേഹം ലൈംഗികാതിപ്രസരവാദം (Pan sexualism) മനുഷ്യൻ ജഡികപൂരണത്തിനു് വേണ്ടിയുള്ള ഒരു മൃഗമാണു്— അവതരിപ്പിച്ചു. ഫ്രോയിഡിനുമുമ്പു്തന്നെ കമ്യൂണിസത്തിന്റെ ആചാര്യന്മാരായ മാർക്സും, എങ്കൽസും കൂടി 1847—ൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലൂടെ ദൈവത്തിനും മതത്തിനുമെതിരായി യുദ്ധം പ്രഖ്യാപിച്ചിരുന്നു. പിന്നീടു് ചാറംസു് ഡാർവിന്റെ പരിണാമവാദവും ആ സമരത്തെ ശക്തിപ്പെടുത്തി.തുടന്നു ലെനിനും സ്റ്റാലിനും മാവോയും, കമ്യൂണിസ്റ്റുകളും സ്വർഗ്ഗത്തിനെതിരായി സകല നാരകീയശക്തികളെയും അഴിച്ചുവിട്ടിരിക്കുന്ന ഒരു യുഗത്തിലാണു് നാം ജീവിക്കുന്നതു്.

"ഫ്രോയിഡും മാർക്സും അവരുടെ അനുഗാമികളും കുത്തിപ്പൊക്കിയ വിപ്ലവം ഒരു സ്ത്രീ അടിച്ചമർത്തി! പ. കന്യക. മറിയം അവളുടെ അമലോത്ഭവം സ്വർഗ്ഗാരോപണം എന്നിവയിലൂടെ." എന്നു് മൊൺ. ഫുൾട്ടൻ ജെ ഷീൻ പ്രസ്താവിച്ചിട്ടുണ്ടു്: കത്തോലിക്കാതിരുസ്സഭയുടെ രണ്ടായിരം കൊല്ലത്തെ ചരിത്രം പരിശോധിച്ചാൽ സഭയ്ക്കു് അനേകം പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെ

യ്യേണ്ടതായി വന്നിട്ടുണ്ടെന്നു മനസ്സിലാക്കാം. പ്രസ്തുത പ്രതിസന്ധിഘട്ടങ്ങളിലെല്ലാം സഭയ്ക്കു താങ്ങും തണലുമായിരുന്നതു് ദൈവമാതാവായ പ. കന്യകയുടെ മാതൃപരിലാളനയാണു്.

എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം മരിയഭക്തി കത്തോലിക്കരുടെ ഇടയിൽ മന്ദീഭവിച്ചു. പുരോഗമനത്തിൻെറ വക്താക്കളെന്നവകാശപ്പെട്ടിരുന്ന ചുരുക്കം ചില വൈദികരും സന്യാസിനീസന്യാസികളും ദൈവമാതാവിനോടുള്ള ഭക്തി നിത്യരക്ഷക്കത്യാവശ്യമില്ല. കൊന്തജപിച്ചില്ലെങ്കിലും ആരും നരകത്തിലൊന്നും പോവുകയില്ല എന്നെല്ലാം പ്രസംഗിച്ചു് പ. കന്യകയോടുള്ള ഭക്തി നിരുത്സാഹപ്പെടുത്തി.

കൂടാതെ 1917– ഒക്ടോബർ മാസത്തിൽ പ. കന്യക ഫാത്തിമായിൽ നൽകിയ രഹസ്യം 1960–ൽപ്രസിദ്ധീകരിക്കുമെന്നു് കേട്ടിരുന്നു. എന്നാൽ രഹസ്യം ഔദ്യോഗികമായി വെളിപ്പെടുത്തിയാൽ ലോകത്തിനു് നന്മയെക്കാളുപരി തിന്മയ്ക്കുകാരണമാകുമെന്നു് പാവനചരിതനായ ജോൺ ഇരുപത്തിമൂന്നാമൻ വിവേകപൂർവ്വം തീരുമാനിച്ചതുകൊണ്ടാകാം അതു് പ്രസിദ്ധീകരിക്കാതിരുന്നതു്. മേൽപ്രസ്താവിച്ച കാരണങ്ങളാൽ പ. കന്യകമറിയത്തിനോടുള്ള ഭക്തിക്കു് തകർച്ച ഉണ്ടായിരിക്കുന്നു. അതുകൊണ്ടു് കത്തോലിക്കാജീവിതത്തിനും കോട്ടം സംഭവിച്ചു. തന്നിമിത്തമത്രേ പാവനസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പാ 1974. ഫെബ്രുവരി മാസത്തിൽ മരിയഭക്തി (Marialis Cultus) എന്ന അഭിധാനത്തിൽ ഒരു ശ്ലൈഹികലേഖനം പ്രസിദ്ധീകരിച്ചതു്. പ്രസ്തുത ശ്ലൈഹികലേഖനത്തിൽ മാർപ്പാപ്പാ മരിയഭക്തി കത്തോലിക്കാ ആദ്ധ്യാത്മികജീവിതത്തിൻെറ ഒരു മാനദണ്ഡമായി പ്രഖ്യാപിച്ചു. ശ്ലൈഹികലേഖനം പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോൾ സുപ്രസിദ്ധ ജപമാലപ്രേഷിതനായ ഫാ. പാട്രിക്കു് പേയ്ററൻെറ അഭിമതം ''വത്തിക്കാൻ കൗൺസിലിനുശേഷം മരിയഭക്തിയ്ക്കു മാന്ദ്യം സംഭവിച്ചതു്

പരോക്ഷമായി അനുഗ്രഹമത്രെ. വളരെ മനോഹരവും അത്യൽകൃഷ്ടവുമായി മരിയഭക്തിയെ സംബന്ധിച്ച രേഖയായ മരിയാലിസ് കുറ്റുസ് (മരിയഭക്തി) പ്രസിദ്ധീകരിക്കുന്നതിനു് അതു് അവസരമായി.

പുരോഗമനവാദി എന്നറിയപ്പെട്ടിരുന്ന ബെൽജിയം കർദ്ദിനാാം സൂവൻസ് അമേരിക്കയിൽ ഒരു പ്രസംഗപര്യടന മദ്ധ്യേ ഇപ്രകാരം അഭിപ്രായപ്പെട്ടു. "കൗൺസിലിനുശേഷം കുറെ കാലത്തേയ്ക്കു പ. കന്യക ഒരു ഗ്രഹണത്തിലായിരുന്നു. എന്നാൽ ദിവ്യജനനി വീണ്ടും കത്തോലിക്കാജീവിതത്തിൻെറ മുൻനിരയിലേയ്ക്കു വന്നിട്ടുണ്ടു്.

മരിയഭക്തി കാലഹരണപ്പെട്ടിട്ടില്ല. ഇന്നു് തിരുസ്സഭ അവളുടെ ചരിത്രത്തിലെ ഏററവും വിധിനിർണ്ണായകമായ ഒരു പ്രതിസന്ധിയെ തരണം ചെയ്യുകയാണു്. ഇത്തരുണത്തിൽ ക്രൈസ്തവലോകം പ. കന്യകയിൽ അഭയംഗമിച്ചാൽ ലോകത്തിനു് ശാശ്വതമായ സമാധാനം ലഭിക്കുന്നതാണു്. അതിനാൽ മരിയഭക്തിയുടെ ഇന്നത്തെ പ്രസക്തിയെ സംബന്ധിച്ചാണു് ഈ ഗ്രന്ഥത്തിൽ പരാമർശിക്കുന്നതു്. ഈ ഗ്രന്ഥത്തിൻെറ കൈയ്യെഴുത്തു് പ്രതി പരിശോധിച്ചു് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ റവ. ഫാ. മെലാനിയൂസ് അവർകളോടു ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. കൂടാതെ ഇതിൻെറ പ്രസിദ്ധീകരണം ഏറെറടുത്തു നിർവ്വഹിച്ച സെൻറ് ജോസഫ്സ് പ്രസ്സ് മാനേജർ റവ. ഫാ. ജെയിംസ് തെക്കേത്തല സി. എം. ഐ. അവർകളോടുമുള്ള കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

## അദ്ധ്യായം ഒന്നു്

# വത്തിക്കാൻ സൂനഹദോസ്സ് ദൈവമാതൃ ഭക്തിയെ തരം താഴ്ത്തിയോ ?

വത്തിക്കാൻ സൂനഹദോസ്സ് ദൈവമാതൃഭക്തിയെ തരംതാഴ്ത്തിയതായിട്ടാണു് പല വൈദികരും സന്യാസിനീസന്യാസികളും വിശ്വാസികളും മനസ്സിലാക്കിയിട്ടുള്ളതു്. അങ്ങനെ കരുതുവാനുണ്ടായ കാരണം പ. കന്യകയെക്കുറിച്ചു് ഡ്രാഫ്റ്റു് ചെയ്തിരുന്ന പ്രത്യേക ഡിക്രി തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രിയുടെ ഒരു അദ്ധ്യായമായി കുറച്ചു എന്നുള്ളതാണു്. എന്നാൽ അതിലൂടെ പ. കന്യകയുടെ അതുല്യമായ മാഹാത്മ്യത്തിനു് എന്തെങ്കിലും കുറവുവരുത്തണമെന്നോ പ. കന്യകയോടുള്ള ഭക്തി നിരുത്സാഹപ്പെടുത്തണമെന്നോ സൂനഹദോസിനു് യാതൊരുദ്ദേശവുമില്ലായിരുന്നു. തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രിയുടെ എട്ടാമത്തെ അദ്ധ്യായത്തിന്റെ അഭിധാനം ഇപ്രകാരമാണു്. ''ദൈവമാതാവായ പ. കന്യകാമറിയത്തിനു് മനുഷ്യാവതാരത്തിന്റെയും സഭയുടെയും രഹസ്യങ്ങളിലുള്ള സ്ഥാനം.'' ഈ അദ്ധ്യായത്തിൽ മരിയശാസ്ത്രം മുഴുവനും (Mari-ology) വളരെ സമഗ്രമായും മനോഹരമായും സംഗ്രഹിച്ചിട്ടുണ്ടു്. വത്തിക്കാൻ കൗൺസിലിലെ ഏററവും പ്രധാന ഡിക്രി ''ജനതകളുടെ പ്രകാശം'' (Lumen gentium) എന്നപേരിൽ അറിയപ്പെടുന്ന സഭയെപ്പററിയുള്ള ഈ പ്രമാണരേഖയാണു്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏററവും മികച്ച നേട്ടവും അതുതന്നെ. മററു പ്രമാണരേഖകളും ഡിക്രികളും പ്രഖ്യാപനങ്ങളുമെല്ലാം ഇതിനെ കേന്ദ്രമാക്കിയാണു് വിഭാവനം ചെയ്തിരിക്കുന്നതു്. എക്കുമേനിസ (ക്രൈസ്തവ ഐക്യം) മായിരുന്ന കൗൺസിലി

ൻെറ പ്രധാന ലക്ഷ്യം. അതിനാലാണു് പ. കന്യകയെ സംബന്ധിച്ച ഒരു പ്രത്യേകഡിക്രി പ്രസിദ്ധീകരിക്കാതിരുന്നതു്. എന്നാൽ പ. കന്യകയുടെ ദൈവമാതാവു്, സഹരക്ഷക നമ്മുടെ ആദ്ധ്യാത്മിക മാതാവു്, സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ'' എന്നീ സ്ഥാനങ്ങൾ സൂനഹദോസു് പ്രഖ്യാപിച്ചിട്ടുണ്ടു്. കൂടാതെ പ. കന്യക അമലോത്ഭവയും സ്വർഗ്ഗാരോപിതയുമാണെന്നും അംഗീകരിക്കുന്നു.

## മറിയത്തിൻെറ സ്ഥാന മാഹാത്മ്യം

''മാലാഖായുടെ മംഗലവാർത്തയനുസരിച്ചു് ദൈവവചനത്തെ സ്വഹൃദയത്തിലും ശരീരത്തിലും സ്വീകരിക്കുകയും അങ്ങനെ ലോകത്തിനു് ജീവൻ പ്രദാനം ചെയ്യുകയും ചെയ്ത കന്യകാമറിയത്തെ ദൈവത്തിൻേറയും, രക്ഷകൻെറയുംയഥാർത്ഥ മാതാവായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം''. No. 53

## സഹരക്ഷക

അങ്ങനെ ദൈവവചനത്തിനു് വിധേയയായിക്കൊണ്ടു് ആദത്തിൻെറ പുത്രിയായ മറിയം ക്രിസ്തുവിൻെറ മാതാവായിത്തീൎന്നു. ദൈവത്തിൻെറ രക്ഷാകരമായ തിരുവുള്ളം പൂൎണ്ണഹൃദയത്തോടെ സ്വീകരിച്ചും, പാപത്താൽ തടയപ്പെടാതെയും, അവൾ കർത്താവിൻെറ ദാസിയായി പുത്രനുവേണ്ടിയും അവിടുത്തെ ദൗത്യത്തിനുവേണ്ടിയും പൂർണ്ണമായി പ്രതിഷ്ഠിക്കുന്നു. അവിടുത്തേക്കു വിധേയയായും അവിടത്തോടുകൂടിയും സൎവ്വശക്തനായ ദൈവത്തിൻെറ കാരുണ്യത്താൽ രക്ഷാകര രഹസ്യത്തിൽ അവൾ പങ്കു വഹിച്ചു. സഭാപിതാക്കന്മാർ മറിയത്തെ ദൈവതൃക്കരങ്ങളിലെ നിശ്ചേഷ്ടോപകരണമായിട്ടല്ല, പ്രത്യുത തൻെറ വിശ്വാസവും അനുസരണവും വഴി സ്വതന്ത്രമായി രക്ഷാകൎമ്മത്തിൽ പങ്കെടുക്കുന്നവളായി പരിഗണിക്കുന്നതു് സകാരണമാണു്. No. 56·

രക്ഷാകമ്മത്തിൽ സ്വാസ്വതന്ത്രമായുള്ള ഈ മാതാവിൻെറ ഐക്യം ക്രിസ്തുവിൻെറ കന്യകോത്ഭവം മുതൽ മരണം വരെ വെളിപ്പെടുന്നുണ്ടു്. No. 57.

തൻെറ ഏകജാതനോടുകൂടി ദൈവികപദ്ധതിക്കനുസൃതമായി നിഷ്ഠൂരവേദനകരം സഹിച്ചുകൊണ്ടു് കുരിശിൻ ചുവട്ടിൽ അവരം നിലകൊണ്ടു. അവിടെ അവരം മാതൃസഹജമായ വികാരങ്ങളോടെ അവിടത്തെ ബലിയോടു് സ്വയം യോജിപ്പിക്കുകയും തന്നിൽനിന്നു ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻ സ്നേഹപൂവ്വം സമ്മതിക്കുകയും ചെയ്തു. No. 58.

ദൈവവചനം മനുഷ്യനായി അവതരിക്കണമെന്നു് ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോരം പ. കന്യകമറിയത്തെ ദൈവമാതാവായി തിരഞ്ഞെടുത്തു. ദൈവപരിപാലനയുടെ ക്രമീകരണം വഴി അവരം ലോകത്തിൽ ദിവ്യരക്ഷകൻെറ വത്സലമാതാവായും അതുല്യമാം വിധം ഉൽകൃഷ്ടസഹപ്രവത്തകയായും കത്താവിൻെറ എളിയ ദാസിയായും സേവനമനുഷ്ഠിച്ചു. അവരം ക്രിസ്തുവിനെ ഗർഭം ധരിച്ചു് പ്രസവിക്കുകയും വളത്തിക്കൊണ്ടുവരികയും ചെയ്തു. ദേവാലയത്തിൽവച്ചു പിതാവിനു് അവിടത്തെ കാഴ്ചവസ്തുകയും ക്രിസ്തു കുരിശിൽ കിടന്നു മരിച്ചപ്പോരം അവിടുത്തെ പീഡകളോടു് സ്വയം യോജിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആത്മാക്കരംക്കു അതിസ്വാഭാവികജീവൻ പ്രാപിച്ചുകൊടുക്കാനുള്ള രക്ഷകൻെറ ദൗത്യത്തിൽ അവരം തൻെറ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലിക്കുന്ന ഉപവി എന്നിവവഴി തികച്ചും അനിതരസാധാരണമായ രീതിയിൽ സഹകരിച്ചു. ഇതുകൊണ്ടാണു് പ്രസാദവരമണ്ഡലത്തിൽ അവരം നമ്മുടെ മാതാവായിരിക്കുന്നതു്. No. 61.

## വരപ്രസാദതലത്തിൽ മാതൃത്വം

പ്രസാദവരക്രമത്തിലുള്ളതും മംഗലവാത്തയുടെ അവസരത്തിൽ വിശ്വസ്തതാപൂവ്വം നൽകിയതും കുരിശിൻകീ

ഴിൽ അചഞ്ചലമായി കാത്തുസൂക്ഷിച്ചതുമായ മറിയത്തിൻെറ മാതൃത്വം അവറം മംഗലവാർത്താവേളയിൽ സമ്മതം നൽകിയ നിമിഷം മുതൽ എല്ലാ തെരഞ്ഞെടുക്കപ്പെട്ടവരുടേയും മകുടം ചാത്തൽ വരെ ഇടമുറിയാതെ നിലനില്ക്കുന്നു. സ്വർഗ്ഗാരോപിതയായതോടെ ഈ രക്ഷണീയ ദൗത്യം അവസാനിപ്പിക്കാതെ നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങറം സമ്പാദിച്ചുതരുന്നതിൽ അവറം വിവിധതരത്തിൽ മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും പ്രതിസന്ധിഘട്ടങ്ങളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന സ്വപുത്രൻെറ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃരാജ്യത്തിൽ എത്തുന്നതുവരെ അവറം മാതൃസഹജമായ വാത്സല്യത്തോടെ അവരുടെ സംരക്ഷണം നിർവ്വഹിക്കുകയും ചെയ്യുന്നു. തന്മൂലമത്രെ തിരുസ്സഭ പ. കന്യകയെ, അഭിഭാഷിക, സഹായിക, ഉപകാരിണി, മദ്ധ്യസ്ഥ എന്നീ അഭിധാനങ്ങളിൽ വിളിച്ചപേക്ഷിക്കുന്നതു്. No. 62.

സൂനഹദോസ് ഇവിടെ മറിയത്തെ സാർവ്വത്രികമദ്ധ്യസ്ഥ എന്ന സ്ഥാനത്തു് അവരോധിക്കുന്നു. അതെ സമയം ക്രിസ്തുവിൻെറ മാദ്ധ്യസ്ഥോദ്യോഗത്തിൻെറ പര്യാപ്തതയ്ക്കോ, സ്വകീയ പ്രകൃതിക്കൊ കുറവുവരാതിരിക്കത്തക്കവെണ്ണം എല്ലാം വിശദീകരിക്കുന്നു.

## പ. കന്യകമറിയത്തോടുള്ള ഭക്തി.

ദൈവം കാരുണ്യപൂർവ്വം തൻെറ പുത്രൻ കഴിഞ്ഞാൽ എല്ലാ മാലാഖാമാരിലും മനുഷ്യരിലുമുപരിയായി ഉയർത്തിയ മറിയത്തെ ദൈവത്തിൻെറ പരിശുദ്ധ മാതാവും ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളിൽ പങ്കുകാരിയുമായി സഭ പ്രത്യേക വിധം ബഹുമാനിക്കുന്നതു് യുക്തമാണ്. യഥാത്ഥത്തിൽ അതിപുരാതനകാലം മുതൽ മറിയം ദൈവമാതാവു് എന്ന അഭിധാനത്തിൽ ബഹുമാനിക്കപ്പെട്ടിരുന്നു. സകല ആവശ്യങ്ങളിലും അപകടങ്ങളിലും വിശ്വാസികറം പ്രാത്ഥനാപൂർവ്വം അവളിൽ ആശ്രയം തേടുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് എഫേസൂസു് സൂനഹദോസിനു

ശേഷം, വണക്കം, സ്നേഹം മദ്ധ്യസ്ഥാപേക്ഷ, അനുകരണം എന്നിവയിൽ മറിയത്തോടുള്ള ഭക്തി അത്ഭുതകരമായി വർദ്ധിച്ചുവന്നു. സഭയിൽ എക്കാലവും നിലനിന്നുപോന്ന ഈ വണക്കത്തിനു് ഒരു സവിശേഷതയുണ്ടു്. എങ്കിലും മനുഷ്യാവതാരം ചെയ്ത വചനത്തിനും, പിതാവിനും പരിശുദ്ധാത്മാവിനും നൽകുന്ന ആരാധനയിൽ നിന്നു് ഇതു് വ്യത്യസ്തമാണു്. പക്ഷേ മരിയവണക്കം ഈ ആരാധനയ്ക്കു സഹായകമാണെന്നതും ഒരു പരമാർത്ഥമത്രേ. No. 66.

ഈ കത്തോലിക്കാവിശ്വാസം പരിശുദ്ധ സൂനഹദോസു് അവധാനപൂർവ്വം പഠിപ്പിക്കുകയും, പ. കന്യകയോടുള്ള വണക്കം പ്രത്യേകിച്ചു് തിരുക്കർമ്മവിധികളിലൂടെ ഔദാര്യപൂർവ്വം വർദ്ധിപ്പിച്ചുകൊണ്ടു് വരണമെന്നു് സഭാസന്താനങ്ങളെല്ലാവരെയും ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. അതിനായി നൂററാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തമുറകൾ വിലമതിക്കുകയും, ക്രിസ്തുവിൻെറയും, പ. കന്യകയുടെയും പുണ്യവാന്മാരുടെയും സ്വരൂപങ്ങൾ വണങ്ങുന്നതിനെപ്പററി മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള തീരുമാനങ്ങൾ ആദരപൂർവ്വം പിൻചെല്ലുകയും ചെയ്യേണ്ടിയിരിക്കുന്നു. No. 67.

ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ മഹത്വീകൃതയായിരിക്കുന്ന പ. മറിയമാണു് ലോകാവസാനത്തിൽ പൂർത്തിയാകുവാനിരിക്കുന്ന സഭയുടെ പ്രതിഛായയും ആരംഭവും. അതുപോലെതന്നെ കർത്താവിൻെറ ദിവസം ഉദയം ചെയ്യുന്നതുവരെ മറിയം ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു് സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിൻെറയും അടയാളമാണു്. No. 68.

വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ ഇടയിലും നമ്മുടെ കർത്താവായ ദിവ്യരക്ഷകൻെറ മാതാവിനു് ഉചിതമായ വണക്കം നൽകുന്നവർ ഉണ്ടെന്നുള്ള വസ്തുത ഈ പ. സൂനഹദോസിനു് സമാശ്വാസവും, സന്തോഷവും നൽകു

ന്നു. പൗരസ്ത്യരുടെകാര്യം ഇവിടെ പ്രത്യേകം സ്മരണീയമാണ്. സഹജമായ തീക്ഷ്ണതയോടും അഗാധമായ ഭക്തിയോടും കൂടി അവർ നിത്യകന്യകയായ ദൈവമാതാവിനെ വണങ്ങുന്നു, വിശുദ്ധരുടെ സഹഭാഗഭാഗിത്വത്തിൽ സ്വപുത്രൻെറ പക്കൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുവാൻ ദൈവത്തിൻെറയും മനുഷ്യരുടെയും മാതാവായ— ആരംഭദശയിൽത്തന്നെ തിരുസ്സഭയെ പ്രാർത്ഥനയാൽ സഹായിച്ചവളും ഇപ്പോഠം സകല വിശുദ്ധർക്കും ദൈവദൂതന്മാർക്കും ഉപരിയായി സ്വർഗ്ഗത്തിൽ മഹത്വീകൃതയുമായ—മറിയത്തിൻെറ മുമ്പിൽ ക്രൈസ്തവലോകം മുഴുവൻ നിരന്തരം പ്രാർത്ഥന ചൊരിയട്ടെ. ക്രൈസ്തവനാമത്താൽ അലംകൃതരോ അഥവാ രക്ഷകനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരോ ആയ മാനവകുടുംബത്തെ എല്ലാജനതകളും സമാധാനത്തിലും ഐക്യത്തിലും ഒരു ദൈവജനമായി പരിശുദ്ധവും അവിഭക്തവുമായ ത്രീത്വത്തിൻെറ സ്തുതിക്കുവേണ്ടി സൗഭാഗ്യത്തിൽ ഒന്നിപ്പിക്കപ്പെടുന്നതുവരെ അവഠം തൻെറ മാദ്ധ്യസ്ഥം തുടരട്ടെ. No. 69.

വത്തിക്കാൻ സൂനഹദോസിൻെറ മേൽപ്രസ്താവിച്ച ഡിക്രിയിൽ നിന്നുമുള്ള ഉദ്ധരണികളിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും ദൈവമാതാവിൻെറ സ്ഥാനമോ, അവിടത്തെ അപദാനങ്ങളോ, മാതാവിനോടുള്ള ഭക്തിയോ ഏതെങ്കിലും വിധത്തിൽ തരം താഴ്ത്തുവാൻ സൂനഹദോസിനു് ഉദ്ദേശമില്ലെന്നു്. എന്നുമാത്രമല്ല ദൈവമാതൃഭക്തിയുടെ അടിസ്ഥാനതത്വങ്ങളെല്ലാംതന്നെ വളരെ മനോഹരമായി പ്രതിപാദിക്കുകയും ദൈവമാതാവിനോടുള്ള ഭക്തി എല്ലാ ക്രൈസ്തവരും ലോഭമെന്ന്യേ നിലനിറുത്തിക്കൊണ്ടു വരുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

ഒരു വഷം മുമ്പ് പത്രങ്ങളിൽ ഒരു വാത്ത വായിക്കുകയുണ്ടായി. സ്പെയിൻകാരിയായ ഒരു സ്ത്രീ പതിനാറു വഷമായി അവളെ അലട്ടിക്കൊണ്ടിരുന്ന ഒരു മാരകമായ രോഗത്തിൽനിന്നും ലൂർദ്ദിൽവച്ച് അത്ഭുതകരമായി സുഖം

പ്രാപിച്ചു എന്നു്. വർഷംതോറും ഇതുപോലുള്ള അനേകം അത്ഭുതങ്ങൾ ലൂർദ്ദിൽ നടക്കുന്നുണ്ടു്.

ഫാത്തിമായിലും, ലാസലേററിലും, വേളാങ്കണ്ണിയിലും മററു് മരിയൻ തീർത്ഥകേന്ദ്രങ്ങളിലും പ്രതിവർഷം അനേകം അനുഗ്രഹങ്ങൾ ലഭിക്കുന്നു. ലോകമാസകലം വ്യാപിച്ച നിത്യസഹായമാതാവിനോടുള്ള ഭക്തി അതിനെ സ്ഥിരീകരിക്കുന്നതാണു്.

## വത്തിക്കാൻ സൂനഹദോസിന്റെ പുതിയ ലുത്തിനിയ

കന്യകാംബികയുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന ലുത്തിനിയാ (ലൊറെത്തോ ലുത്തിനിയാ) ജപമാലയുടെ അവസാനം നാം ചൊല്ലുന്നുണ്ടു്. ഇതിലെ പലതും കാവ്യാത്മകതയുള്ളവയെങ്കിലും, അവ സാധാരണക്കാർക്കു പ്രായേണ ദുർഗ്രഹമാണു്.

"ആദ്ധ്യാത്മിക പാത്രം", "ബഹുമാനത്തിന്റെ പാത്രം", "നിർമ്മല ദന്തം കൊണ്ടുള്ള കോട്ട" എന്നീ സംബോധനകൾ അർത്ഥഗർഭമെങ്കിലും, അവയുടെ അന്തരാർത്ഥം നേരിൽ ഗ്രഹിക്കുന്നവർ നമ്മിൽ എത്ര പേരുണ്ടാവും? ഇവയെല്ലാം ബൈബിളിലെ സുപ്രധാന വാക്യങ്ങളിൽ നിന്നു് രൂപം കൊണ്ടവയുമാണു്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയുടെ എട്ടാം അദ്ധ്യായത്തിൽ കന്യകാമാതാവിനെപ്പററി ചെയ്തിട്ടുള്ള പരാമർശങ്ങളെ അടിസ്ഥാനമാക്കി ഒരു പുതിയ ലുത്തിനിയാ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

ദൈവത്തിന്റെ മാതാവാകാൻ അനാദികാലം മുതൽ വിശുദ്ധ മറിയത്തെ അവിടുന്നു തെരെഞ്ഞെടുത്ത മഹാസംഭവം തുടങ്ങി സിദ്ധരുടെ സാഹോദര്യത്തിൽ മറിയത്തിന്റെ മാദ്ധ്യസ്ഥം എന്നു് അവസാനിക്കുന്ന ഈ ലുത്തിനിയാ വളരെ ശ്രദ്ധേയമത്രെ.

മുൻപിലെ തന്നെ വാഗ്ദാനം ചെയ്യപ്പെട്ടതും, നിർവ്വഹിതമായതും, ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ

മർത്ത്യരക്ഷയെന്ന മഹായജ്ഞത്തിൽ ദൈവമാതാവിനുള്ള പങ്കാളിത്തത്തെയാണ് ഈ ലുത്തിനിയാ ഏററിയകുറം പ്രകീർത്തിക്കുന്നതു്.

അനാദിയായ കാലം മുതൽ നിർണ്ണയിക്കപ്പെട്ട വിശ്രുത ദൈവമാതാവായ മറിയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

പിതാവിന്റെ ഓമൽ കുമാരിയായ മറിയമേ,
ദിവ്യരക്ഷകന്റെ മാതാവായ മറിയമേ,
പരിശുദ്ധാത്മാവിന്റെ പവിത്രാലയമായ മറിയമേ,
സിയോണിന്റെ സമുന്നത സന്താനമായ മറിയമേ,
നമ്മുടെ സ്നേഹഭാജനമായ മറിയമേ,
വിശുദ്ധിയുടെ മഹിമാവിൽ ഗർഭസ്ഥയായ മറിയമേ,
ജന്മപാപത്തിന്റെ കളങ്കമേശാത്ത മറിയമേ,
കന്യാത്വത്തിന്റെയും, മാതൃത്വത്തിന്റെയും മാതൃകയായ മറിയമേ,
പരിശുദ്ധാത്മാവിനാൽ ആവാസിതയായ മറിയമേ,
ഏലീശ്വയാൽ അനുഗൃഹീതയെന്നു പ്രകീർത്തിതയായ മറിയമേ,
രക്ഷയുടെ വാഗ്ദാനത്തിൽ വിശ്വാസമർപ്പിച്ച മറിയമേ,
ദൈവപിതാവിന്റെ ഏകജാതനെ ജനിപ്പിച്ച മറിയമേ,
ലോകത്തിനു ജീവൻ ദാനം ചെയ്ത മറിയമേ,
ആട്ടിടയന്മാർക്കും പൗരസ്ത്യവിജ്ഞാനികൾക്കും ആനന്ദാതിരേകത്തോടെ ഓമനപ്പുത്രനെ കാണിച്ചുകൊടുക്കുന്ന മറിയമേ,
ദിവ്യനാഥന്റെ ഉററ സഹപ്രവർത്തകയായ മറിയമേ,
ഈശോയിലും, അവിടുത്തെ ദിവ്യമായ ദൗത്യത്തിലും അർപ്പിതമാനസയായ മറിയമേ,
കാനായിൽ, സ്വന്തം അർത്ഥനമൂലം ഒരു മഹാത്ഭുതം സംരചിച്ച മറിയമേ,

വിശ്വാസത്തിന്റെ തീർത്ഥയാത്രയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന മറിയമേ,

ക്രൂശാരോഹണം വരെ ഈശോയോടു ഒന്നിച്ചുനിന്ന മറിയമേ,

രക്ഷയുടെ മഹാകർമ്മത്തെ സഫലമാക്കിയ മറിയമേ,

പരിശുദ്ധാത്മാവിന്റെ അനുഗ്രഹങ്ങൾക്കായി കേണപേക്ഷിച്ച മറിയമേ,

പ്രാർത്ഥന മുഖേന സഭയെ സഹായിച്ച മറിയമേ,

ആത്മശരീര സമന്വിതയായി സ്വർഗ്ഗാരോപിതയായ മറിയമേ,

മാലാഖാമാരേയും, മനുഷ്യരേയുംകാൾ സമുന്നതയായവരോധിതയായ മറിയമേ,

ഭൂമിയിൽ സഭാസന്താനങ്ങളെ സംരക്ഷിക്കുന്ന മറിയമേ,

ക്രിസ്ത്യാനികൾ കണ്ണുകൾ ഉയർത്തി അഭിവീക്ഷിക്കുന്ന മറിയമേ,

നമ്മുടെ രക്ഷയുടെ ആവശ്യത്തിൽ നമ്മോടൊന്നിച്ചു നില്ക്കുന്ന മറിയമേ,

ക്രിസ്തുനാഥൻ കഴിഞ്ഞാൽ സഭയിൽ സമുന്നതസ്ഥാനം വഹിക്കുന്ന മറിയമേ,

സഭയുടെ പ്രമുഖ അംഗമായ മറിയമേ,

സഭയുടെ നിസ്തുല പ്രതീകമായ മറിയമേ,

സഭയുടെ പ്രതിച്ഛായയും, ആദ്യജാത കുസുമവുമായ മറിയമേ.

എല്ലാ നന്മകളുടേയും മാതൃകയായ മറിയമേ,

സുനിശ്ചിതമായ പ്രത്യാശയുടേയും സമാശ്വാസത്തിന്റെയും അടയാളമായ മറിയമേ,

രക്ഷകന്റെ ദിവസം വരെ പ്രകാശം പരത്തി പ്രശോഭിക്കുന്ന മറിയമേ,

അനുഗൃഹീതയെന്നു് തലമുറകളെല്ലാം പ്രകീർത്തിക്കുന്ന മറിയമേ.

സിദ്ധരുടെ സാഹോദര്യത്തിൽ തന്റെ തിരുക്കുമാരനോടു് മാദ്ധ്യസ്ഥം യാചിക്കുന്ന മറിയമേ.

## അദ്ധ്യായം രണ്ട്

# എന്തുകൊണ്ട് പ. കന്യകയെ നാം വണങ്ങണം

### കേരളീയരും മരിയഭക്തിയും

കോട്ടയം വികാരി അപ്പസ്തോലിക്കാ ആയിരുന്ന ഡോ, ലെവീഞ്ഞ് എസ്. ജെ. മഹാനായ ലെയോൻ മാപ്പാപ്പായെ സന്ദർശിക്കുന്നതിനായി റോമിലേയ്ക്കു പോയി, മാർ ളൂയീസ് പഴേപറമ്പിലും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. കേരള ക്രൈസ്തവർക്ക് സ്വജാതീയ മെത്രാന്മാരെ നൽകുന്നതിനെ സംബന്ധിച്ച് ലെയോൻ മാപ്പാപ്പാ തിരുമേനി ഫാദർ ളൂയീസ് പഴേപറമ്പിലിനോട് ഇപ്രകാരം അരുളിച്ചെയ്തു. "നിങ്ങൾ ഉറപ്പുള്ള ഉത്തമകത്തോലിക്കരാണോ എന്നറിയാതെ എപ്രകാരമാണ് നിങ്ങൾക്കു ഹയരാർക്കി അനുവദിക്കുക?

ഫാ. ളൂയീസ് പഴേപറമ്പിൽ ഇപ്രകാരം മറുപടി പറഞ്ഞു. പ. പിതാവേ, ഞങ്ങൾ അപ്പനേയും അമ്മയേയും സ്നേഹിക്കുന്നവരാണ്. തല്പരകക്ഷികൾ എന്തൊക്കെ കുപ്രചരണം നടത്തിയാലും കേരളകത്തോലിക്കർ പൗരാണിക കാലം മുതൽ റോമ്മാമാപ്പാപ്പാമാരോട് വിധേയത്വമുള്ളവരായിരുന്നു. കൂടാതെ ഞങ്ങൾ പ. കന്യകയുടെ ദൈവമാതൃത്വത്തിൽ വിശ്വസിക്കുന്നു. മാർത്തോമ്മാശ്ലീഹാ തന്നെ ഞങ്ങളെ ദൈവമാതൃഭക്തി പഠിപ്പിച്ചു. ഞങ്ങളുടെ പ്രധാനദേവാലയങ്ങളെല്ലാം പ. കന്യകയുടെ നാമത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്. ജപമാല ജപിക്കാത്ത ഒരു കത്തോലിക്കാഭവനം പോലുമില്ല. മറിയം എന്ന പേരു്

പെൺകുട്ടികൾക്ക് നൽകാത്ത കത്തോലിക്കാ ഭവനങ്ങളും വിരളമത്രെ.

ഇതിൽ സംപ്രീതനായി അമർത്ത്യ സ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാപ്പാപ്പാ കേരള സുറിയാനികത്തോലിക്കർക്ക് ഉടൻതന്നെ സ്വന്ത റീത്തിൽപെട്ട മെത്രാൻമാരെ അനുവദിക്കുവാൻ കല്പനയായി. കത്തോലിക്കാ വിശ്വാസം സുനിശ്ചിതമാക്കുന്നതിനു് ഒരുവൻ പ. കന്യകമറിയം ദൈവമാതാവാണെന്നു് വിശ്വസിക്കുന്നുണ്ടായിരിക്കണം എന്നു് അന്ത്യോക്യായിലെ പാത്രിയക്കീസായിരുന്ന എപ്രേം പ്രഖ്യാപിച്ചു.

## ദൈവജനനി

മറിയത്തിൻെറ ദൈവമാതൃത്വം സഭയുടെ ആരംഭദശയിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിശ്വാസ സത്യമായിരുന്നു. 5–ാം നൂററാണ്ടുവരെ അതിനെ ആരും ചോദ്യം ചെയ്തിരുന്നില്ല. എന്നാൽ നെസ്തോറിയൂസ് എന്ന കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ പ. കന്യകയെ ദൈവമാതാവ് (Theotokos) എന്നു അഭിസംബോധന ചെയ്യുവാൻ സാദ്ധ്യമല്ല, പ്രത്യുതാ ക്രിസ്തുജനനി (Christotokos) എന്നുമാത്രമേ വിളിക്കാവൂ എന്നു് ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു. അതു് ശ്രവിച്ചിരുന്ന വിശ്വാസികൾതന്നെ അതിനെ പ്രതിഷേധിക്കുകയുണ്ടായി. നെസ്തോറിയൂസിൻെറ പ്രസ്താവന വളരെ വലിയ കോളിളക്കമാണു് സൃഷ്ടിച്ചതു്.

അലക്സാണ്ഡ്രിയായിലെ വി. സിറിൾ നെസ്തോറിയൂസിനോടും അനുയായികളോടും ധർമ്മസമരം നടത്തി പ. കന്യകയുടെ ദൈവമാതൃത്വം എന്ന വിശ്വാസ സത്യത്തിൻെറ സംരക്ഷകനായി അനശ്വര യശസ്സാർജ്ജിച്ചു. A. D. 431–ൽ എഫേസൂസിൽ സമ്മേളിച്ച സഭയുടെ മൂന്നാമത്തെ സാർവ്വത്രിക സൂനഹദോസ് പ. കന്യകയുടെ ദൈവമാതൃത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപി

ച്ചപ്പോൾ എഫേസൂസ് നഗരവാസികൾ ദീപശിഖക ളും കരങ്ങളിലേന്തി ആ പ്രഖ്യാപനത്തെ സഹർഷം സ്വാ ഗതം ചെയ്ത വസ്തുത സുവിദിതമാണല്ലോ.

തെയോദെരേത്തൂസ് നെസ്തോറിയൂസിനെതിരായി വിരചിച്ച ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്ന "കത്തോലിക്കാ വിശ്വാസത്തിൻെറ പ്രാരംഭപ്രേഷിതർ തന്നെ പ. കന്യ കയുടെ ദൈവമാതൃത്വം അപ്പസ്തോലികപാരമ്പര്യത്തി ലധിഷ്ഠിതമാണെന്നു കരുതുന്നുണ്ട്." "ദൈവജനനി എ ന്ന പദം മനുഷ്യാവതാരരഹസ്യത്തെ മുഴുവൻ പ്രദ്യോതി പ്പിക്കുന്നുണ്ട്." എന്നു വി. ജോൺ ഡമഷേനും പ്രസ്താ വിച്ചിരിക്കുന്നു.

ഗർഭം ധരിച്ചു, പ്രസവിച്ചു എന്നൊക്കെ നാം ഒരു വ്യക്തിയെ സംബന്ധിച്ചു പറയുമ്പോൾ വ്യക്തിയിലാ ണു ഈവക ധർമ്മങ്ങൾ ആരോപിക്കുന്നതു. മിശിഹാ യെ സംബന്ധിച്ചിടത്തോളം ദൈവിക വ്യക്തി സ്വീക രിച്ച മനുഷ്യസ്വഭാവത്തെ പ്രസവിക്കുകയാൽ പ. കന്യക ദൈവത്തെ ഗർഭം ധരിച്ചു. ദൈവം പ. കന്യകയിൽനി ന്നും ജനിച്ചു എന്നു സയുക്തികം പറയാവുന്നതാണു എന്നത്രെ വി. തോമസ് അക്വീനാസ് അദ്ദേഹത്തിൻെറ വിശ്രുതഗ്രന്ഥമായ സുമ്മാതിയളോജിക്കായിൽ സമർത്ഥി ച്ചിരിക്കുന്നതു. (St. Thomas Summa Theologica Vol: III. q: 35. a.4)

നവീകരണപ്രസ്ഥാനക്കാർ മേരിയുടെ ദൈവമാതൃ ത്വത്തെ നിരാകരിക്കുന്നതിനു പരിശ്രമിച്ചപ്പോൾ ത്രെ ന്തോസ് സൂനഹദോസ് അനിഷേധ്യമാം വിധം അതു പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസും അതു ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായി.

കന്യകമറിയം ദൈവമാതാവാണെന്നുള്ളതാണു മേ രിയുടെ മഹത്വത്തിനെല്ലാം നിദാനം. അതിനാൽ ദൈ വം കഴിഞ്ഞാൽ ഏററവും സമുന്നതമായ വണക്കഭക്തി കൾ ദൈവജനനി അർഹയാണു. അതിനാലാണു മററു വിശുദ്ധർക്കു നൽകുന്നതിനേക്കാൾ ശ്രേഷ്ഠമായ വണക്കം

അഥവാ ഉന്നതവണക്കം (hyperdulia) ദൈവമാതാവി ന്ന് നൽകുന്നതു്.

പ. കന്യകയ്ക്കു ത്രിവിധ സ്ഥാനൗന്നത്യമുണ്ടു്. ദൈവത്തോടുള്ള ഏററവും അവഗാഢമായ ഐക്യവും തദ്വാര പരമോന്നതമായ സാദൃശ്യവും അവളെ പരമോത്കൃഷ്ടമായ ഒരു നിലയിലേയ്ക്കു് ഉയത്തിയിരിക്കുന്നു. തന്നിമിത്തം പ. കന്യകയ്ക്കു് പ. ത്രിത്വത്തിലെ മൂന്നു വ്യക്തികളുടേയും മഹത്വത്തിലും ശക്തിയിലും ഭാഗഭാഗിത്വം സംസിദ്ധമായിട്ടുണ്ടു്. അവറം പിതാവിൻെറ ഓമൽകുമാരിയും സുതനായ ദൈവത്തിൻെറ മാതാവും, സഹകർമ്മിണിയും, പരിശുദ്ധാത്മാവായ ദൈവത്തിൻെറ അതുല്യ പ്രേമഭാജനവുമാണു്. പ. കന്യക ആരാദ്ധ്യമായ പ. ത്രിത്വത്തിൻെറ മഹത്വമാണു്. ദൈവത്തിൻെറ സൃഷ്ടിവൈഭവമകുടമത്രെ.

സുതനായ ദൈവത്തിൻെറ മാതാവു് എന്നുള്ള നിലയിൽ പിതാവായ ദൈവത്തിൻെറ സാദൃശ്യമുണ്ടു്, നിത്യത്വത്തിൽ അവിടത്തെ ഏകസുതൻ കാലത്തിൻെറ പരിപൂർത്തിയിൽ മരിയസുതനാണു്. സുതനായ ദൈവത്തോടു് പരിത്രാണകമ്മത്തിൽ സഹകരിച്ചതിനാലും പിതാവിനോടും പരിശുദ്ധാത്മാവിനോടും സാധർമ്മ്യമുണ്ടായി. ദൈവദൂതസന്നിഭനും വേദപാരംഗതനുമായ വി. തോമസു് അക്വീനാസു് പ്രസ്താവിക്കുന്നു. പ. കന്യക ദൈവമാതാവായതിനാൽ അപരിമിതനന്മയായ ദൈവത്തിൽനിന്നും അനന്തമായ സ്ഥാനൗന്നത്യം പ്രാപിച്ചിട്ടുണ്ടു്. ദൈവമാതൃത്വത്തെ അതിലംഘിക്കുന്ന യാതൊന്നും ഈ പ്രപഞ്ചത്തിലില്ലെന്നത്രെ അദ്ദേഹത്തിൻെറ അഭിമതം.

മറിയം പ്രകൃത്യതീത തലത്തിൽ ഉപസ്ഥിതിബന്ധത്തിൻെറ തലത്തിലേയ്ക്കുയർത്തപ്പെട്ടതായി (Hypro–tatic Order) പല ദൈവശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു.

ദൈവമാതൃത്വം മിശിഹായുടെ വ്യക്തിത്വവുമായി അവഗാഢം ബന്ധപ്പെട്ടതാണല്ലോ. ദൈവത്തിനു് ഈ

പ്രപഞ്ചത്തെക്കാഠം ശ്രേഷ്ഠമായ ഒരു പ്രപഞ്ചത്തെ സൃഷ്ടിക്കുവാൻ സാധിക്കും. എന്നാൽ ദൈവമാതാവിനേക്കാഠം പരിപൂണ്ണയായ ഒരു മാതാവിനെ സൃഷ്ടിക്കുവാൻ സാധിക്കുകയില്ല എന്നത്രെ വേദപാരംഗതനായ വി. ബെനവെന്തുരായും അഭിപ്രായപ്പെട്ടിട്ടുള്ളതു്.

നവീകരണപ്രസ്ഥാനത്തിന്റെ പ്രണേതാവായ ലൂഥർ പോലും മറിയത്തിന്റെ മഹോന്നതമായ സ്ഥാനത്തെ പ്രകീർത്തിക്കുന്നു. മാനവകുലത്തിൽ എല്ലാവരെയും അതിശയിക്കത്തക്ക പരമോന്നതസ്ഥാനം സമലങ്കരിക്കുന്ന മഹത്വവും സൗഭാഗ്യവും നിമിത്തം പ. കന്യകയ്ക്കു സമാനമായി ആരുമില്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകസുതൻ അവളുടേയും പുത്രനാണു്. തന്നിമിത്തം അവളെ ദൈവമാതാവു് എന്നുനാം വിളിക്കുന്നെങ്കിൽ മറിയത്തിന്റെ സവ്വമഹത്വവും അതിൽ അന്തർഭവിച്ചിട്ടുണ്ടു്. (Martin Luther. Comment. ad. Cant. B. V. M. Op IX 85 ed: 1554. quoted in Madonna)

ഒരു വ്യക്തി എന്ന നിലയിൽ മിശിഹാ കഴിഞ്ഞാൽ ഏററവും സമുന്നതമായ സ്ഥാനം പ. കന്യകയ്ക്കാണു്. ആംഗ്ലേയസാഹിത്യകാരനായ വേർഡ്സ്സ് വത്തു് പ്രസ്താവിച്ചിട്ടുള്ളതുപോലെ അവഠം അധഃപതിച്ച മാനവകുലത്തിന്റെ ഏക അഭിമാനപാത്രമാണു്.

**കേന്ദ്രസ്ഥാനം**

ദൈവജനനി മിശിഹായുടെ സവ്വോന്നതവും സമുൽകൃഷ്ടവുമായ സ്ഥാനമാഹാത്മ്യത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നതുകൊണ്ടു് മിശിഹായോടു കൂടി ദൈവത്തിനും മനുഷ്യക്കുമിടക്കു മദ്ധ്യസ്ഥയായിരിക്കുന്ന ഒരു കേന്ദ്രസ്ഥാനവുമുണ്ടു്. അവഠം സഹരക്ഷകയാണു്, സവ്വവരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയാണു്.

പ. കന്യകയുടെ നേരെയുള്ള ഭക്തി മിശിഹാനാഥനെ അറിയുന്നതിനും സ്നേഹിക്കുന്നതിനും വിഘ്നാതമാ

ണെന്നു് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു് അജ്ഞതകൊണ്ടു മാത്രമാണു്. ദൈവജനനിയോടുള്ള യഥാത്ഥവും പുത്രസഹജവുമായ ഭക്തി ഈശോയെ കൂടുതൽ അറിയുന്നതിനും സ്നേഹിക്കുന്നതിനും ഏററവും സ്വീകാര്യവും സുനിശ്ചിതവുമായ മാർഗ്ഗമാണെന്നത്രെ മരിയശാസ്ത്രവിശാരദന്മാരുടെ എല്ലാവരുടെയും അഭിപ്രായം.

പരിത്രാണകർമ്മത്തിൽ പ. കന്യക വഹിച്ചിട്ടുള്ള സമുന്നതമായ സ്ഥാനം യഥാതഥം ഗ്രഹിച്ചാൽ മാത്രമെ നമുക്കു മാതാവിന്റെ നേരെയുള്ള സജീവമായ ഭക്തി സംജാതമാവുകയുള്ളു. "മറിയം വഴി ഈശോയിലേയ്ക്കു് (Ad Jesum per Mariam) എന്നതായിരുന്നു വിശുദ്ധന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടേയും മുദ്രാവാക്യം. പ. കന്യകയുടെ നേരെ സജീവവും അഗാധവുമായി ഭക്തി ഇല്ലാതിരുന്ന ഒരു വിശുദ്ധനെയും നമുക്കു കാണുവാൻ സാധിക്കുകയില്ല. സ്വമാതാവിനെ ബഹുമാനിക്കുന്നതിൽ യഥാർത്ഥപുത്രൻ സന്തോഷിക്കുകയും അതു് അയാളുടെ മഹത്വമായി പരിഗണിക്കുകയും ചെയ്യും.

### മാനവകുടുംബത്തിലെ അംഗം

കന്യകമറിയം നമ്മെപ്പോലെ മാനവകുലത്തിലെ ഒരംഗമാണു്. മേരിയും പരിത്രാണത്തിനു വിധേയമായ വ്യക്തിയാണു്. പക്ഷേ മററു മനുഷ്യർ പരിത്രാണം ചെയ്യപ്പെട്ടതും പ. കന്യക പരിത്രാണത്തിനു് വിധേയയായി എന്നു പറയുന്നതും വളരെ വിഭിന്നമായ അർത്ഥത്തിലാണു്. പ. കന്യകയെ സംബന്ധിച്ചിടത്തോളം അവരം പാപമാലിന്യത്തിൽ ഉരംപ്പെടാതെ ദൈവപരിപാലനയാൽ സംരക്ഷിക്കപ്പെട്ടു. എന്നാൽ മറെറല്ലാവരും പാപത്താൽ മലിമസരായശേഷം പരിത്രാണം ചെയ്യപ്പെട്ടു എന്നതാണു് വ്യത്യാസം. "പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം" ചെളി പുരണ്ടശേഷം അതു് കഴുകികളയുന്നതിലും നന്നു് ചേററിലിറങ്ങാതിരിക്കുന്നതാണല്ലോ. പ. കന്യക സമുദ്ധാരണം ചെയ്യപ്പെട്ട മാനവരാശിയുടെ

പ്രതീകം, അഥവാ പാപപങ്കിലമായ മാനവരാശിയുടെ ഏക അഭിമാനപാത്രമാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും പ. കന്യകയെ നാം ദർശിക്കുന്നത് പരിത്രാണകർമ്മവുമായി അവഗാഢം ബന്ധപ്പെട്ട ഒരു വ്യക്തിയായിട്ടാണല്ലോ. ഇപ്രകാരം നാം ആദ്യസുവിശേഷം (Prosto- Evangelium) എന്നഭിധാനം നൽകിയിട്ടുള്ള സൃഷ്ടിയുടെ പുസ്തകത്തിലെ ലോക പരിത്രാതാവിനെപ്പററിയുള്ള വാഗ്ദാനത്തിൽ ദൈവജനനി രംഗപ്രവേശം ചെയ്യുന്നു. മറിയം സഹരക്ഷകയെന്നുള്ള നിലയിൽ പഴയനിയമത്തിൽ ധാരാളം പ്രതീകങ്ങളും സാദൃശ്യങ്ങളും നമുക്കു ദർശിക്കുവാൻ സാധിക്കും. സുവിശേഷങ്ങളിലും പരിത്രാണനാടകത്തിൻെറ സുപ്രധാന രംഗങ്ങളിലെല്ലാം പ. കന്യക പ്രത്യക്ഷപ്പെടുന്നുണ്ട്.

അടുത്തകാലത്ത് സെമ്മനാരികൾക്കുള്ള തിരുസ്സംഘം ഒരു പ്രത്യേക ഡിക്രിയിലൂടെ വൈദികവിദ്യാർത്ഥികളുടെരൂപീകരണത്തിൽ മരിയഭക്തിക്കു സുപ്രധാനമായ സ്ഥാനമുണ്ടായിരിക്കണമെന്ന് അനുശാസിക്കുകയുണ്ടായി. വൈദികരും സന്യാസിനീസന്യാസികളും ആ ഭക്തിയുടെ പ്രാധാന്യം മനസ്സിലാക്കി പ്രാവർത്തികമാക്കുമ്പോൾ വിശ്വാസികളിലും അത് രൂഢമൂലമാകുന്നതാണ്.

മാർപ്പാപ്പാ 1981 മാർച്ചുമാസത്തിൽ ലോകത്തിലുള്ള എല്ലാ മെത്രാന്മാർക്കും ഒരു ശ്ലൈഹികലേഖനം അയച്ചിട്ടുണ്ട്. റോമ്മിൽ മെത്രാന്മാരുടെ ഒരു പ്രത്യേക സിനഡ് സമ്മേളിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി അറിയിച്ചിരിക്കുന്നു. പ്രസ്തുത സിനഡ് പരിശുദ്ധാത്മാവിനും, പ. കന്യകയ്ക്കും പരിത്രാണകർമ്മത്തിലുള്ള പങ്കിനെപ്പററി ചർച്ച ചെയ്യുന്നതാണ്. പ്രസ്തുത സമ്മേളനത്തിലേക്ക് അകത്തോലിക്കാസഭകളുടെ നേതാക്കന്മാരെയും ക്ഷണിച്ചിട്ടുണ്ട്. ക്രൈസ്തവഐക്യത്തിനു് അതു് വളരെ സഹായകമാണെന്നുള്ള ശുഭപ്രതീക്ഷയാണുള്ളതു്.

അദ്ധ്യായം മൂന്ന്

## മരിയഭക്തിയുടെ ത്രിത്വപരവും ക്രിസ്തുമുഖവും സഭാപരവുമായ മൂല്യം

പൗരാണിക കാലം മുതൽ ക്രൈസ്തവജീവിതത്തിൻെറ അനപേക്ഷണീയമായ ഘടകങ്ങളിലൊന്നാണ് മരിയഭക്തി. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ആഗോളവ്യാപകമായി മരിയഭക്തിയിൽ ഒരു തകർച്ചയുണ്ടായി. മരിയഭക്തിയുടെ മൂല്യമെന്താണെന്ന് അവഗാഢം ചിന്തിക്കാതെ കേവലം ഉപരിപ്ലവമായ ചിന്തയുടെ ഫലമായിട്ടാണ് അപ്രകാരം സംഭവിച്ചത്. തന്നിമിത്തമത്രെ പാവനചരിതനായ പോറം ആറാമൻ മാപ്പാപ്പാ വിശ്രുതമായ മരിയഭക്തി എന്ന ശ്ലൈഹികലേഖനത്തിൽ മരിയഭക്തിയുടെ മൂല്യങ്ങറം പ്രഖ്യാപിച്ചത്.

### ത്രിത്വപരം

മരിയഭക്തിയുടെ സത്തയിൽത്തന്നെ ഉറംക്കൊള്ളുന്ന ത്രിത്വപരവും, ക്രിസ്തുപരവുമായ മൂല്യം സവ്വപ്രധാനമായി പ്രകടമാക്കുവാൻ തക്കവിധത്തിലായിരിക്കണം അതിൻെറ പ്രകാശനം. ക്രിസ്തീയമായ ആരാധന പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനുമാണ് യഥാത്ഥത്തിൽ അപ്പിക്കുന്നത് അഥവാ ആരാധനക്രമം വ്യക്തമാക്കുന്നതുപോലെ പുത്രൻവഴി പരിശുദ്ധാത്മാവിൽ പിതാവിനപ്പിക്കുന്ന ആരാധനയാണ്. ഈ വീക്ഷണത്തിൽ വി

ഭിന്നമായ രീതിയിലെങ്കിലും കർത്താവിൻെറ മാതാവിനും പിന്നീടു് വിശുദ്ധന്മാർക്കും വണക്കം നൽകുന്നു. എന്തു കൊണ്ടെന്നാൽ അവർ ക്രിസ്തുവിനോടുകൂടി സഹിക്കുകയും അവിടത്തെ മഹത്വത്തിൽ ഭാഗഭാക്കുകളാവുകയും ചെയ്യതിനാൽ അവരിലും സഭ പെസഹാരഹസ്യം പ്രഖ്യാപിക്കുന്നു.

## ക്രിസ്തുന്മുഖം

കന്യകമറിയത്തിൽ സകലവും ക്രിസ്തൂന്മുഖവും ക്രിസ്ത്വാശ്രിതവുമാണു്. ക്രിസ്തുവിനുവേണ്ടിയാണു് പിതാവായ ദൈവം പ. കന്യകയെ നിത്യത്വത്തിൽ തെരഞ്ഞെടുത്തതും അനന്യലബ്ധമായ പരിശുദ്ധാത്മാവിൻെറ ദാനങ്ങളാൽ സമലങ്കരിച്ചതും. യഥാർത്ഥമായ ക്രിസ്തീയഭക്തി ദിവ്യരക്ഷകനുമായിട്ടുള്ള കന്യകയുടെ അവിഭക്തമായ ഐക്യവും കാതലായ ബന്ധവും പ്രകടമാകുന്നതിൽ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. നമ്മുടെ കാലത്തെ ആദ്ധ്യാത്മികാഭിമുഖ്യമായ ക്രിസ്തുവിൻെറ പ്രശ്നത്തിനനുരൂപമാണതു്. അതിനാൽ കന്യകയോടുള്ള ഭക്തിപ്രകടനത്തിൽ ക്രിസ്തുപരമായ മൂല്യത്തിനു് പ്രാമുഖ്യം നൽകേണ്ടതാണു്. അതുപോലെതന്നെ ഈ ഭക്തിപ്രകടനം ദൈവീകജ്ഞാനത്തിൻെറ മർത്ത്യവൽക്കരണവും കന്യകയുടെ ഉത്ഭവവും ഒരേ ദൈവപരിപാലനയുടെ തീരുമാനമാണെന്നുള്ള വസ്തുതയും വ്യക്തമാക്കേണ്ടതാണു്. ഇതു് ഈശോയുടെ മാതാവിനോടുള്ള ഭക്തി കൂടുതൽ അടിയുറച്ചതും നമ്മെ ക്രിസ്തുവിൻെറ പൂർണ്ണതയിൽ പക്വത പ്രാപിച്ചവരാക്കിത്തീർക്കുന്ന ദൈവപുത്രനെക്കുറിച്ചുള്ള പരിപൂർണ്ണ അറിവുള്ളവരാക്കിത്തീർക്കുന്നതിനുമാകുന്നു. (എഫേ: 4. 13). ക്രിസ്തുവിനെ അറിയണമെങ്കിൽ അവിടത്തെ മാതാവിനെ അറിയണം, മാതാവാരാണെന്നു് ഗ്രഹിക്കണമെങ്കിൽ അവിടത്തെ പുത്രൻ ആരാണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മരിയഭക്തി ക്രിസ്തുവിനുള്ള ആരാധനയെ വദ്ധിപ്പിക്കും. ഫാ. ഫേബർ വി. ഗ്രിഞ്ഞോൺ ദെ. മോൺഫോട്ടി

ൻെറ മരിയരഹസ്യം എന്ന ഗ്രന്ഥത്തിനുള്ള ആമുഖത്തിൽ പ്രസ്താവിക്കുന്നതുപോലെ മറിയം അറിയപ്പെടാത്തതിനാൽ ക്രിസ്തുവും അറിയപ്പെടുന്നില്ല. മറിയം യവനികക്കു പിന്നിലായതിനാൽ ക്രിസ്തുവിനെ അംഗീകരിക്കുന്നില്ല.'' സഭയുടെ സനാതനമായ മനോഭാവവും അതുതന്നെയാണു്. അതു് ഇക്കാലത്തുതന്നെയും ആധികാരികമായി പ്രഖ്യാപിച്ചിട്ടുണ്ടു്. കർത്താവിൻെറ ദാസിക്കുകൊടുക്കുന്നതു് കർത്താവിനുതന്നെ നൽകുന്നു. മാതാവിനു നൽകുന്ന ബഹുമാനം പുത്രൻെറ മഹത്വമത്രെ. രാജ്ഞിക്കു കൊടുക്കുന്ന വിനീതമായ അഭിനന്ദനം രാജാവിനു കൊടുക്കുന്ന ബഹുമതിയും.

## പവിത്രാത്മാവും പ. കന്യകയും

മരിയഭക്തിയുടെ ക്രിസ്തുപരമായ മൂല്യത്തെപ്പററി പ്രതിപാദിക്കുമ്പോഠം വിശ്വാസത്തിൻെറ മറെറാരു സുപ്രധാനകാര്യം കൂടി അനുസ്മരിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പരിശുദ്ധാത്മാവിൻെറ വ്യക്തിത്വവും പ്രവത്തനങ്ങളും. ദൈവശാസ്ത്രപരമായ വിചിന്തനവും ആരാധനക്രമവും പരിശുദ്ധാത്മാവിൻെറ രക്ഷാകരമായ പ്രവത്തനം മകുടമണിയുന്നതു് പ. കന്യകയിലാണെന്നു നമ്മെ മനസ്സിലാക്കുന്നു. ഇപ്രകാരം സഭാപിതാക്കന്മാർ പ, കന്യകയുടെ ഉത്ഭവത്തിലെ പരിശുദ്ധി പരിശുദ്ധാത്മാവിൻെറ പ്രവൃത്തിയിലാരോപിക്കുന്നു. പരിശുദ്ധാത്മാവു് എഴുന്നള്ളിവരും. അത്യുന്നതൻെറ ശക്തി നിൻെറ മേൽ നിഴലിക്കും. (ലൂക്കാ. 1. 35) അവഠം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. (വി. മത്താ 1:18, 20) മുതലായ സുവിശേഷവാക്യങ്ങളെപ്പററി ചിന്തിച്ചിട്ടു് അവർ പ. കന്യകയുടെ കന്യാത്വത്തെ പവിത്രാത്മാവു് അഭിഷേചിച്ചു് ഫലദായകമാക്കിയതായും പ. കന്യകയും പരിശുദ്ധാത്മാവുമായുള്ള ബന്ധം ഒരു വിധത്തിൽ വിവാഹമായും ചിത്രീകരിക്കുന്നുണ്ടു്. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിൻെറ ആഗമനത്തെപ്പററി പരിചിന്തിച്ചപ്പോഠം മറിയവും സഭയും തമ്മിലുള്ള ബന്ധ

ത്തെയും പരാമർശിക്കുന്നു. അവരിൽ പരിശുദ്ധാത്മാവു് വഴി ഈശോ ജനിക്കുവാൻ പ. കന്യകയുടെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നുണ്ടു്.

ഇന്നത്തെ ആദ്ധ്യാത്മികഗ്രന്ഥകാരന്മാർ പരിശുദ്ധാത്മാവിനെ പരാമർശിച്ചു് വേണ്ടവിധത്തിൽ ചിന്തിക്കുന്നില്ലെന്ന ഒരു ആരോപണമുണ്ടു്. ദൈവശാസ്ത്രജ്ഞന്മാർ പരിശുദ്ധാത്മാവിനു് പരിത്രാണ ചരിത്രത്തിലുള്ള സ്ഥാനത്തെപ്പററി അഗാധമായി ചിന്തിക്കേണ്ടതാണു്. അപ്രകാരമുള്ള പഠനം പരിശുദ്ധാത്മാവും നസ്രസിലെ വിനീത കന്യകയുമായിട്ടുള്ള സവിശേഷമായ ബന്ധത്തിലേയ്ക്കു് പ്രകാശം പരത്തുകയും അവർ സഭയിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാവുകയും ചെയ്യും. വിശ്വാസസത്യത്തെപ്പററിയുള്ള ആഴമായ ധ്യാനത്തിൽനിന്നും സജീവമായ ഭക്തി പ്രവഹിക്കും.

## സഭാപരമായ മൂല്യം

കർത്താവിൻെറ അമ്മയോടുള്ള ഭക്തി അവരു സഭയിൽ സമലങ്കരിക്കുന്ന സ്ഥാനമെന്തെന്നും പ്രതിഫലിപ്പിക്കേണ്ടതാണു്. സഭയിൽ ഏററവും ഉന്നതവും ക്രിസ്തുകഴിഞ്ഞാൽ നമ്മോടു് ഏററവും അടുത്തതുമാണു് അവളുടെ പദവി. ബൈസൻറയിൻ രീതിയിലുള്ള ദേവാലയങ്ങളിൽ പ. കന്യകയ്ക്കു സഭയിലുള്ള അതുല്യമായ സ്ഥാനം ശില്പകലയിലും സംവിധാനത്തിലും പ്രകടമാക്കുന്നുണ്ടു്. പ്രധാന കവാടത്തിൽ മംഗലവാർത്തയുടെയും ബലിപീഠത്തോടടുത്തുള്ള ഭാഗത്തു് മഹത്വപൂർണ്ണയായ ദൈവജനനിയുടെയും (Theotokos) രൂപങ്ങളും സ്ഥാപിച്ചിരിക്കുന്നു. ഇപ്രകാരം മരിയഭക്തിയുടെ പ്രകാശനത്തിൽ സഭാപരമായ മൂല്യം പരിഗണിക്കുന്നതു് തികച്ചും അർത്ഥവത്തായിരിക്കും.

തിരുസ്സഭ ദൈവത്തിൻെറ കുടുംബം (Family) ദൈവജനം, ദൈവരാജ്യം, ക്രിസ്തുവിൻെറ മൗതികശരീരം എന്നിങ്ങനെയുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ

പരാമർശങ്ങൾ സഭയുടെ രഹസ്യത്തിൽ പ. കന്യകമറിയത്തിന്റെ ദൗത്യം മനസ്സിലാക്കുവാൻ വിശ്വാസികളെ സഹായിക്കും. അവരുടെ നവ്യജന്മത്തിലും, ആദ്ധ്യാത്മികരൂപീകരണത്തിലും മറിയത്തിന്റെ പുത്രന്മാരും പുത്രികളുമായുള്ള ഐക്യത്തിലൂടെയുള്ള സാഹോദര്യത്തെ സംബന്ധിച്ചും അവബോധം ഉളവാക്കുന്നതാണ്. മറിയവും തിരുസഭയും മൗതികശരീരത്തിന്റെ ഉത്ഭവത്തിൽ സഹകരിക്കുന്നു എന്നുള്ള വസ്തുതയും അവർക്കു മനസ്സിലാവും. സഭയുടെ ലോകത്തിലെ പ്രവർത്തനം മറിയത്തിന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തിയായി പരിഗണിക്കാം. നസ്രസിലും, എലിസബത്തിന്റെ ഭവനത്തിലും, കാനായിലും ഗാഗുൽത്തായിലും മറിയം പ്രദർശിപ്പിച്ച കർമ്മനിരതമായ സ്നേഹത്തിന്റെ തുടർച്ചയാണ് സഭയുടെ ഇന്നത്തെ ലോകത്തിനുവേണ്ടിയുള്ള ഉദാത്ത സേവനം.

സഭയോടുള്ള സ്നേഹം മറിയത്തോടുള്ള സ്നേഹവും മറിയത്തോടുള്ള സ്നേഹം സഭയോടുള്ള സ്നേഹവുമാണ്. അക്വിലായിലെ വി. ക്രോമാൻസിയൂസ് വളരെ സൂക്ഷ്മമായി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. "ഊട്ടുശാലയിൽ സഭ ഈശോയുടെ അമ്മയായ മറിയത്തോടും അവിടത്തെ സഹോദരന്മാരോടും ഐക്യപ്പെട്ടിരുന്നു. ഇതുപോലെ ഈശോയുടെ അമ്മയായ മറിയത്തോടും അവിടത്തെ സഹോദരന്മാരോടും കൂടിയല്ലാതെ സഭയെ പരാമർശിക്കുവാൻ പാടില്ല." അതിനാൽ പ. കന്യകയോടുള്ള ഭക്തി സഭാപരമായ മൂല്യവും ഉൾക്കൊള്ളേണ്ടതാണ്.

ദൈവജനനിയോടുള്ള ഭക്തിയുടെ ത്രിത്വപരവും, ക്രിസ്തുപരവും സഭാപരവുമായ മൂല്യങ്ങൾ പരിഗണിക്കുമ്പോൾ ഈ ഭക്തി ഒരിക്കലും ഒരു കാരണത്താലും നിരുത്സാഹപ്പെടുത്തുവാൻ പാടില്ലാത്തതാണെന്നു നമുക്കു മനസ്സിലാക്കാം. പിതാവായ ദൈവത്തിന്റെ ഓമൽകുമാരിയും, പുത്രനായ ദൈവത്തിന്റെ വത്സലമാതാവും പരിശുദ്ധാത്മാവിന്റെ നിർമ്മല മണവാട്ടിയുമായ പരിശുദ്ധ കന്യകമറിയത്തെ ബഹുമാനിക്കുമ്പോൾ അതു പരി

ശുദ്ധ ത്രിത്വത്തിൻെറ മഹത്വം വദ്ധിക്കും. ഈശോമിശിഹായോടുള്ള ഭക്തിയും സ്നേഹവും വദ്ധിക്കും. പരിശുദ്ധാത്മാവിൻെറ പ്രചോദനങ്ങളോടു് നാം കൂടുതൻ വിശ്വസ്തരായിരിക്കും. സുവിശേഷം കൂടുതൽ ഹൃദ്യമായി സ്വീകരിക്കും. വി. ഫ്രാൻസീസു് സേവ്യർ പ്രസ്താവിച്ചു. "ക്രിസ്തുവിൻെറ കുരിശിനു സമീപം മറിയത്തെ കാണിച്ചുകൊടുക്കാത്ത അവസരത്തിൽ ജനങ്ങൾ സുവിശേഷം തിരസ്കരിക്കുന്നതായി അനുഭവപ്പെട്ടും." ജനങ്ങളുടെ ധാമ്മികമായ ഉന്നമനത്തിനും അതു് സഹായകമായി ഭവിക്കുന്നു. ആധുനിക ഭൗതികവാദത്തിൻെറ വെല്ലുവിളിയെ അഭിമുഖീകരിക്കുവാൻ മരിയഭക്തി അനുപേക്ഷണീയമാണു്. 1960_ൽ റഷ്യൻ പ്രധാനമന്ത്രിയായിരുന്ന ക്രൂഷേവു് ആസ്ട്രിയൻ പര്യടനവേളയിൽ ഒരു ട്രെയിനിലിരുന്നു് സന്തോഷപൂവ്വം പാട്ടുപാടുകയാണു്. ഇതു് ശ്രവിച്ച ഒരു ആസ്ട്രിയാക്കാരൻ ക്രൂഷേവിനെ സമീപിച്ചുകൊണ്ടു് ചോദിച്ചു. റഷ്യൻ പ്രധാനമന്ത്രി ഒരു സാധാരണക്കാരനെപ്പോലെ ട്രെയിനിലിരുന്നു് പാട്ടുപാടുന്നതു് എന്താണു്? ഉടനെ ക്രൂഷേവു് ഇപ്രകാരം പ്രതിവചിച്ചു: ഇന്നു് എൻെറ ജീവിതത്തിലെ ഒരു സുദിനമാണു്. എന്നാൽ ജീവിതത്തിലെ ഏററവും വലിയ സുദിനം സമാഗതമാകുന്നതു് ചെങ്കൊടി ലോകം മുഴുവനും പാറിപറക്കുമ്പോഴാണു് !

ക്രൂഷേവിൻെറ ദിവാസ്വപ്നം പ്രാവത്തികമായില്ലെങ്കിൽ അതിനുള്ള കാരണം നമ്മുടെ അമ്മ പരിശുദ്ധകന്യക മറിയം കമ്യൂണിസത്തിനെതിരായി ഫാത്തിമായിൽ നടത്തിയ യുദ്ധപ്രഖ്യാപനമത്രെ. പ. കന്യക കമ്യൂണിസ്റ്റു് ഭീഷണിയെ നേരിടുന്നതിനായി പ്രഖ്യാപിച്ച മാനിഫെസ്റ്റോയാണു് ഫാത്തിമാസന്ദേശം. വിമലഹൃദയഭക്തി, ജപമാല, പാപികളുടേയും റഷ്യയുടേയും മാനസാന്തരത്തിനായി പ്രാത്ഥനയും പരിത്യാഗവും അനുഷ്ഠിക്കുക മുതലായവയാണു് അവ. കത്തോലിക്കാലോകം അതു് പ്രാവത്തികമാക്കിയിരുന്നെങ്കിൽ പണ്ടേ ലോകസമാധാനം കരഗതമാകുമായിരുന്നു.

അദ്ധ്യായം നാല്

# മരിയഭക്തി സംബന്ധിച്ച നാലു നിർദ്ദേശങ്ങൾ

## വി. ഗ്രന്ഥത്തിൽ അധിഷ്ഠിതവും, ആരാധന ക്രമപരവും, എക്കുമെനിസത്തിന് സഹായകവും, മാനുഷികവും.

പ. കന്യകയ്ക്കു് പ. ത്രിത്വത്തോടും മിശിഹായോടും തിരുസ്സഭയോടുമുള്ള ബന്ധത്തിൽനിന്നും സംജാതമാകുന്ന ഒരു കടമയാണ് മരിയഭക്തി. എന്നാൽ തത്സംബന്ധമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ പാവനസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പാ മരിയഭക്തി എന്ന ശ്ലൈഹികലേഖനത്തിൽ നൽകുന്നുണ്ട്. അവ വിശുദ്ധ ഗ്രന്ഥം, ആരാധനക്രമം, എക്കുമെനിസം, നരവംശ ശാസ്ത്രംഎന്നിവയുടെ പശ്ചാത്തലത്തിലാണ്. ക്രിസ്തുജനനിയോടു് നമ്മെ ഐക്യപ്പെടുത്തുന്ന ബന്ധത്തിനു, പ്രാമുഖ്യം കൊടുത്തുകൊണ്ടായിരിക്കണം മരിയഭക്തിയെ നവീകരിക്കുകയോ, അഥവാ പുതിയ ഭക്തമുറകൾ ആരംഭിക്കുകയോ ചെയ്യേണ്ടതു്. പ. കന്യക ദൈവമാതാവു്, സഹരക്ഷക, ആദ്ധ്യാത്മികമാതാവു്, സകലവരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ എന്നീ ബന്ധങ്ങൾ പരിഗണിക്കണം.

## വി. ഗ്രന്ഥാധിഷ്ഠിതം

എല്ലാ ആരാധനയും വി. ഗ്രന്ഥാധിഷ്ഠിതമായിരിക്കണമെന്നുള്ളതു് ഇന്നു് അംഗീകൃതമായിരിക്കുകയാണ്.

വി. ഗ്രന്ഥ പഠനത്തിലുണ്ടായിട്ടുള്ള പുരോഗതിയും ബൈബിളിൻെറ പ്രചാരവും, സർവ്വോപരി പാരമ്പര്യവും പരിശുദ്ധാത്മാവിൻെറ ആന്തരികപ്രവർത്തനവും വി. ഗ്രന്ഥം അടിസ്ഥാന പ്രാർത്ഥനാഗ്രന്ഥമായി ഉപയോഗിക്കുവാനും അതിൽനിന്നും പ്രചോദനമുൾക്കൊള്ളുവാനും അതിലെ അന്യാദൃശമായ മാതൃകകൾ സ്വീകരിക്കുവാനും ആധുനിക ക്രിസ്ത്യാനികൾക്കു പ്രേരണ നൽകി. മരിയഭക്തിയെയും ക്രിസ്തീയമായ ഭക്തിയുടെ ഈ ആഭിമുഖ്യത്തിൽനിന്നും ഒഴിവാക്കുന്നില്ല. മാത്രമല്ല മരിയഭക്തിക്കു് നവോത്ഥാനം ലഭിക്കുവാൻ അതു് സഹായകമാകും.

ബൈബിൾ, ദൈവത്തിൻെറ അത്ഭുതകരമായ പരിത്രാണപദ്ധതിയുടെ ആവിഷ്കരണത്തിൽ രക്ഷകനെ സംബന്ധിച്ച രഹസ്യങ്ങളാൽ സമ്പുഷ്ടമാണു്. അതുപോലെതന്നെ ഉല്പത്തിയുടെ പുസ്തകം മുതൽ വെളിപാടു് വരെ രക്ഷകൻെറ മാതാവും സഹകാരിണിയുമായ മറിയത്തെ സംബന്ധിച്ചും വ്യക്തമായ പരാമർശനങ്ങളുണ്ടു്. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും ബുദ്ധിപൂർവ്വം തെരഞ്ഞെടുത്ത വാക്യങ്ങളും, പ്രതീകങ്ങളും ഉപയോഗിക്കുന്നതുമാത്രമാണു് ഈ വിശുദ്ധ ഗ്രന്ഥാഭിമുഖ്യമെന്നു നാമാഗ്രഹിക്കുന്നില്ല. അതിലും ഉപരിയായിട്ടുള്ളതാവണമതു്. പ്രാർത്ഥനകളും ഗീതങ്ങളും വി. ഗ്രന്ഥങ്ങളിൽ നിന്നു് പ്രചോദനമുൾക്കൊള്ളുകയും ക്രിസ്തീയ സന്ദേശത്തിൻെറ പ്രധാന വിഷയങ്ങളെല്ലാം കന്യകയോടുള്ള ഭക്തിയാൽ സമ്പൂരിതമാവുകയും ചെയ്യണം. ഇതു് ബോധജ്ഞാനത്തിൻെറ സിംഹാസനത്തെ വണങ്ങുമ്പോൾ വിശ്വാസികൾ ദൈവ വചനത്താൽ പ്രകാശിതരാകുകയും മാംസമായി അവതരിച്ച വിജ്ഞാനത്തിൻെറ കല്പനകളനുസരിച്ചു് ജീവിക്കുവാൻ പ്രചോദിതരാവുകയും ചെയ്യുന്നതിനാണു്.

## ആരാധനക്രമ ചൈതന്യത്തിനനുയോജ്യം.

ആരാധന ക്രമത്തിൽ സഭ ദൈവമാതാവിനു നൽകുന്ന ഭക്തിയെപ്പററി നേരത്തെ പരാമർശിച്ചിട്ടുണ്ടു്. മററുതര

ത്തിലുള്ള ഭക്താമുറകളെ സംബന്ധിച്ചും രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ആരാധനക്രമത്തെ സംബന്ധിച്ച ഡിക്രിയിൽ നൽകിയിട്ടുള്ള മാനദണ്ഡങ്ങരം സ്വീകരിക്കണമെന്നു് നാം ആഗ്രഹിക്കുന്നു. ഈ രേഖ ക്രൈസ്തവരുടെ ഭക്താഭ്യാസങ്ങളെ ഹൃദയപൂർവ്വം അംഗീകരിക്കുന്നതോടൊപ്പം പ്രസ്താവിക്കുന്നു. "പ്രസ്തുത ഭക്താനുഷ്ഠാനങ്ങരം ആരാധനക്രമവത്സരത്തിലെ വിവിധ കാലഘട്ടങ്ങരംക്കു അനുയോജ്യവുമായിരിക്കണം. അതിൻെറ പ്രാമുഖ്യം നിമിത്തം അതിൽനിന്നു പ്രചോദനമുരംക്കൊള്ളുകയും അതിലേയ്ക്കു ആഭിമുഖ്യമുളവാക്കുകയും ചെയ്യണം. ഇതു് ബുദ്ധിപൂർവ്വകവും സ്പഷ്ടവുമായ നിയമമാണെങ്കിലും വൈവിധ്യമാർന്ന മരിയഭക്താനുഷ്ഠാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗികമാക്കുക സുഗമമല്ല. പ്രാദേശിക സമൂഹത്തിൻെറ നേതാക്കളെ സംബന്ധിച്ചിടത്തോളം പരിശ്രമവും, ആത്മപാലനപരമായ അവബോധവും സ്ഥിരതയുമാവശ്യമാണു്. വിശ്വാസികളുടെ ഭാഗത്തുനിന്നും ക്രിസ്തീയമായ ആരാധനയുടെ യഥാർത്ഥ സ്വഭാവത്തിൽനിന്നും സ്വീകരിച്ചിട്ടുള്ള ആശയങ്ങളുംനിർദ്ദേശങ്ങളും സ്വീകരിക്കുവാൻ സന്നദ്ധരാകണം. ക്രിസ്തീയമായ ആരാധനയുടെ യഥാർത്ഥ സ്വഭാവം അവ്യക്തമായവ മാറേറണ്ടതും ആവശ്യമായേക്കാം.

ഈ സന്ദർഭത്തിൽ ആത്മപരിപാലനപരമായ രംഗത്തു് വത്തിക്കാൻസൂനഹദോസിൻെറ മാർഗ്ഗനിർദ്ദേശങ്ങളെ പരാജയപ്പെടുത്തുന്ന രണ്ടു് മനോഭാവങ്ങളെ പരാമർശിക്കുവാൻ നാമാഗ്രഹിക്കുന്നു. ഒന്നാമതായി ആത്മപാലനരംഗത്തു് പ്രവർത്തിക്കുന്ന ചിലർ സഭയുടെ പ്രബോധനാധികാരം പ്രോത്സാഹിപ്പിച്ചിട്ടുള്ള ഭക്താനുഷ്ഠാനങ്ങളെ അവജ്ഞയോടെ അവഗണിച്ചുതള്ളുന്നവർ ഒരു ശൂന്യത സൃഷ്ടിച്ചു് അതു് നികത്താതിരിക്കുന്നു. ഭക്താനുഷ്ഠാനങ്ങരം നശിപ്പിക്കാനല്ല ആരാധനക്രമചൈതന്യത്തിനനുയോജ്യമായിരിക്കണമെന്നാണു് സൂനഹദോസ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന വസ്തുത അവർ വിസ്മരിക്കുന്നു. രണ്ടാമതായി ചിലർ ആത്മപാലനപരവും ആരാധനക്രമപര

വുമായ വിവേചനം കൂടാതെ ആരാധനക്രമങ്ങളും ഭക്താനുഷ്ഠാനങ്ങളും കൂട്ടിക്കുഴച്ച് സമ്മിശ്ര കർമ്മങ്ങളാക്കുന്നു. ദിവ്യബലിയുടെ ഇടയിൽ നൊവേനകളും മററും ഇടകലത്താറുണ്ട്. ക്രിസ്തുവുമായിട്ടുള്ള അഭിമുഖീകരണത്തിൻെറ മകുടമായിരിക്കേണ്ട ആരാധനക്രമം കേവലം ഭക്താനുഷ്ഠാനങ്ങളുടെ അവസരമായിത്തീരുന്നു. ആരാധനക്രമത്തിൻെറ മാഹാത്മ്യം മനസ്സിലാക്കുന്നതോടൊപ്പം ഭക്താനുഷ്ഠാനങ്ങളുടെ മൂല്യത്തെപ്പററിയും അവരെ മനസ്സിലാക്കുകയും ആരാധനക്രമത്തിനു സഹായകമാകത്തക്കവിധം ഓരോ സഭാസമൂഹത്തിൻെറയും ആവശ്യത്തിനു പര്യാപ്തമായ അനുരൂപണങ്ങൾ ഉളവാക്കുകയും ചെയ്യണം.

### തിരുസ്സഭാപരം

പ. കന്യകയോടുള്ള ഭക്തിയുടെ സഭാപരമായ മൂല്യം മനസ്സിലാക്കി സഭയുടെ താല്പര്യങ്ങളും പ്രതിഫലിപ്പിക്കണം. ഇവയിൽ നമ്മുടെ ഇക്കാലത്ത് ക്രൈസ്തവ ഐക്യം പു:നസ്ഥാപിക്കുന്നതിലുള്ള അവളുടെ ആകാംക്ഷ സവിശേഷമത്രെ. അതിനാൽ എക്കുമേനിക്കൽ പ്രസ്ഥാനത്തിൻെറ അഗാധമായ ആഗ്രഹങ്ങൾക്കും ലക്ഷ്യങ്ങൾക്കും ഉതകത്തക്കതാക്കണം. തന്നിമിത്തം മരിയഭക്തിക്ക് പല കാരണങ്ങളാൽ ഒരു എക്കുമെനിക്കൽ സ്വഭാവമുണ്ട്.

ഒന്നാമതായി മഹത്വപൂർണ്ണയായ ദൈവമാതാവിനെ സവിശേഷമായി സ്നേഹിക്കുകയും "ക്രിസ്ത്യാനികളുടെ പ്രത്യാശ" എന്നു് പ്രകീർത്തിക്കുകയും ചെയ്യുമ്പോൾ കത്തോലിക്കർ പ. കന്യകയോടുള്ള ഭക്തി അടിയുറച്ച തത്വത്തിലും മനോഹരമായ സംഗീതത്തിലും(Lyricism) പ്രകാശിപ്പിക്കുന്ന ഓർത്തഡോക്സ് സഭകളിലെ സഹോദരങ്ങളുമായി ഐക്യപ്പെടുന്നു. ആംഗ്ലിക്കൻ സഭാംഗങ്ങളോടും കത്തോലിക്കർ യോജിക്കുകയാണ്. അവരുടെ ഏററവും പ്രധാന ദൈവശാസ്ത്രജ്ഞന്മാർ കർത്താവിൻെറ അമ്മയോടുള്ള ഭക്തിയുടെ വി.ഗ്രന്ഥപരമായ യഥാർത്ഥ അടിസ്ഥാനത്തിലേയ്ക്കു ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ആധുനികർ ക്രിസ്തീ

യജീവിതത്തിൽ മരിയഭക്തിക്കുള്ള പ്രാധാന്യത്തെ വർദ്ധമാനമായ രീതിയിൽ ചൂണ്ടിക്കാണിക്കുന്നു. കന്യകയുടെ വാക്കുകളിൽ തന്നെ ദൈവത്തെ സ്തുതിക്കുമ്പോഴ് വി. ഗ്രന്ഥത്തോടുള്ളസ്നേഹം ശക്തി പ്രാപിച്ചിട്ടുള്ള നവീകൃത സഭകളോടും നാം ഐക്യപ്പെടും.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മരിയഭക്തി മാമ്മോദീസാ സ്വീകരിച്ച എല്ലാവരുടെയും ദൈവത്തിൻെറ ഏകജനമായി ഐക്യപ്പെടുവാൻ വേണ്ടി അവളുടെ പുത്രൻെറ അടുക്കൽ മദ്ധ്യസ്ഥം വഹിക്കണമെന്നപേക്ഷിക്കുവാനുള്ള അവസരവും കൂടിയാണ്. എന്നാൽ അകത്തോലിക്കർക്കു് കത്തോലിക്കാ മരിയഭക്തിയെ സംബന്ധിച്ച തെററിദ്ധാരണകളെ ദൂരീകരിക്കണം. രക്ഷാകര പദ്ധതിയിൽ മറിയത്തിനുള്ള സ്ഥാനത്തെ സംബന്ധിച്ചിടത്തോളം കത്തോലിക്കാ സഭയുമായി അകത്തോലിക്കാ സഭകൾക്കു് അഭിപ്രായാന്തരമുണ്ട്. പക്ഷേ അകത്തോലിക്കാസഭകളും അതേപ്പററി കൂടുതൽ മനസ്സിലാക്കി പുനരൈക്യത്തിൻെറ പാത സുഗമമാക്കി. കാനായിൽ പ. കന്യകയുടെ ഇടപെടലിലൂടെ ക്രിസ്തു അവിടുത്തെ പ്രഥമാത്ഭുതം പ്രവർത്തിച്ചതുപോലെ ക്രിസ്തുവിൻെറ ശിഷ്യന്മാരെല്ലാം പരിപൂർണ്ണ ഐക്യത്തിൽ എത്തിച്ചേരുന്നതിനു് മറിയത്തിൻെറ മദ്ധ്യസ്ഥം സഹായകമായിരിക്കും. നമ്മുടെ പുരോഗാമിയായ ലെയോ പതിമൂന്നാമൻെറ വാക്കുകൾ നമ്മുടെ ഈ പ്രത്യാശയെ സ്ഥിരീകരിക്കുന്നു. "ക്രൈസ്തവ ഐക്യം മറിയത്തിൻെറ ആദ്ധ്യാത്മിക മാതൃത്വത്തിൻെറ ചുമതലയാണ്."

## നരവംശ ശാസ്ത്രത്തിൻെറ പശ്ചാത്തലത്തിൽ

മാനവ ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങളും മരിയഭക്തിയിൽ പരിഗണിക്കേണ്ടതായിട്ടുണ്ട്. നരവംശ ശാസ്ത്രത്തിലെ പുതിയ കണ്ടുപിടുത്തങ്ങൾ മാനസിക സാമൂഹ്യജീവിതത്തിലുളവാക്കിയിട്ടുള്ള അഗാധമായ പരിവർത്തനങ്ങളും മനസ്സിലാക്കുമ്പോൾ മരിയഭക്തിയുടെ പ്ര

യോഗത്തിൽ സംജാതമായിട്ടുള്ള പ്രതിബന്ധങ്ങളെ ദൂരികരിക്കുവാനും സാധിക്കുന്നതാണു്. സ്ത്രീപുരുഷ സമത്വത്തിൽ വിശ്വസിക്കുന്ന ഇന്നത്തെ യുഗത്തിലുള്ള വനിതകളുടെ ജീവിതസാഹചര്യവും പ. കന്യകയുടെ ജീവിത സാഹചര്യവും തമ്മിൽ അന്തരമുണ്ടു്. മേരി ജീവിച്ച സാഹചര്യമല്ല നാം പരിഗണിക്കേണ്ടതു് ദൈവ വചനം സ്വീകരിച്ചു് അതു് പ്രാവത്തികമാക്കുന്നതിൽ പ. കന്യക പ്രദശിപ്പിച്ച തീക്ഷ്ണത നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കണം.

അവരം ലോകത്തിലെ ഏററവും വലിയ പ്രശ്നത്തിനു് പരിഹാരം കണ്ടെത്തിയതുപോലെ നാമും ഇന്നത്തെ ലോകത്തിലെ പ്രശ്നങ്ങരംക്കു പരിഹാരം കണ്ടെത്തുവാൻ പരിശ്രമിക്കണം. പ. കന്യകയാണു് സ്ത്രീത്വത്തിൻെറ ഏററവും പരമോന്നതമായ മാതൃക. മഹിളാകുലമണിമകുടമാണു് മേരി. വനിതകരം വിമോചിതരാകുന്നതു് ക്രൈസ്തവമായ അത്ഥത്തിൽ പ. കന്യകയെ അനുകരിക്കുന്നതിലൂടെയാണു്. ഏതു ജീവിതാന്തസ്സിൽ പെട്ടവക്കും ഉദാത്തമായ ജീവിതമാതൃക മറിയത്തിൽ ദർശിക്കുവാൻ സാധിക്കും. ദേശ, കാല, വർഗ്ഗ, വണ്ണ സംസ്കാരികമായ പരിഗണനകരംക്കെല്ലാം അതീതയാണു് ദൈവജനനി.

## അദ്ധ്യായം അഞ്ച്

## ചക്രായുധം

ഹൈന്ദവ പുരാണങ്ങളിൽ മഹാവിഷ്ണുവിനു് നാലായുധങ്ങളുള്ളതായി പറയുന്നു. അവ ശംഖ്, ചക്രം, ഗദ, പങ്കജം എന്നിവയത്രെ. മററെല്ലാ ആയുധങ്ങളും പരാജയപ്പെടുമ്പോഴം മഹാവിഷ്ണു ചക്രായുധം എടുത്തു പയോഗിക്കും. അതെടുത്തുപയോഗിച്ചാൽ പ്രപഞ്ചം മുഴുവൻ ഭസ്മമാകുമെന്നാണ് പുരാണം. അതു് ഒരു പുരാണ സങ്കല്പമാണെങ്കിൽ ദൈവജനനി സഭാശത്രുക്കളോടും തിന്മകളോടും പോരാടുവാൻ കത്തോലിക്കർക്കു നല്കിയിട്ടുള്ള യഥാർത്ഥ ചക്രായുധമാണ് ജപമാല.

1979_ൽ ഒരു പൊതുസന്ദർശനാവസരത്തിൽ പ. പിതാവു് ജോൺ പോൾ രണ്ടാമൻ ഒന്നരലക്ഷത്തോളം വരുന്ന ഒരു തീർത്ഥാടകസംഘത്തോടു് ഇപ്രകാരം പറഞ്ഞു. എനിക്കു് ഏററവും പ്രിയംകരമായ പ്രാർത്ഥനയാണു് ജപമാല. എല്ലാ ക്രിസ്തീയ ഭവനങ്ങളിലും ഭക്തിപൂർവ്വം ജപമാല ജപിക്കണമെന്നുള്ള ആഗ്രഹവും മാർപ്പാപ്പാ പ്രകടിപ്പിച്ചു. അതിനുള്ള കാരണം ജപമാലയിലൂടെ ദൈവജനനി വഴി മിശിഹാ നമ്മിൽ ജീവിക്കുന്നു. വ്യക്തികളെയും, സമൂഹത്തേയും ജനപദങ്ങളെയും വിശ്വകുടുംബത്തെ മുഴുവനും ജപമാലയിൽ ഉൾപ്പെടുത്താവുന്നതാണ്.

### തികച്ചും സ്വർഗ്ഗീയമാണ്

ജപമാലയിലെ പ്രാർത്ഥനകളെല്ലാം സാർഗ്ഗീയമാണെന്നു് പറയാം. ക്രിസ്തുനാഥൻ പഠിപ്പിച്ച "സ്വർഗ്ഗസ്ഥനായ പിതാവും മാലാഖായുടെ അഭിവാദ്യവും പരിശുദ്ധാത്മാവിനാൽ പൂരിതയായ എലിസബത്തിൻെറ അനുമോദനവചസ്സുകളും സമ്മേളിച്ചതാണു് ജപമാല. ദിവ്യ

ബലിയും കാനോന നമസ്ക്കാരവും കഴിഞ്ഞാൽ ഇത്ര മനോഹരമായ പ്രാത്ഥന വേറെ ഇല്ലെന്നുതന്നെ പറയാം. ഭക്തിപൂവ്വം ജപമാല ജപിക്കുമ്പോഠം ഈശോമിശിഹായുടെയും പ. കന്യകയുടെയും ജീവിതാനുഭവങ്ങളിലെ അനുഭൂതികഠം നാം പുനരനുഭവിക്കുന്നതാണു്.

## ബൈബിളിൻെറ സംഗ്രഹം

വത്തിക്കാൻ സൂനഹദോസിനുശേഷം ജപമാലയോടു പൊതുവേ വിരസതയാണു് പലർക്കും. ബൈബിളിനെ ആസ്പദമാക്കിയിട്ടുള്ള പ്രാത്ഥനകളിൽ കൂടുതൽ തല്പരരാണെന്നാണു് അതിനുള്ള കാരണമായി അവർ പറയുന്നതു്. പാവനചരിതനായ ആറാം പൗലോസ് മാപ്പാപ്പായുടെ മരിയഭക്തി (Marialis Cultus) എന്ന ശ്ലൈഹിക ലേഖനത്തിൽ ജപമാല വി. ഗ്രന്ഥത്തിൻെറ സാരസംഗ്രഹമാണെന്നു് പ്രഖ്യാപിച്ചിരിക്കുന്നു. പരിത്രാണ കൃത്യമാകുന്ന സുവർണ്ണഹാരത്തിലെ കണ്ണികളാണു് ജപമാലയുടെ രഹസ്യങ്ങഠം. ജപമാലയിലെ സന്തോഷം, ദുഃഖം, മഹിമ എന്നീ രഹസ്യങ്ങളിലൂടെ വി. ഗ്രന്ഥത്തിൽ ഒരു പര്യടനം നാം നിർവ്വഹിക്കുന്നു.

## ലോകത്തെ മനസ്സിലാക്കാം

ഭാഗ്യസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പായുടെ ഡയറി കുറിപ്പുകളിൽ (Journal of a Soul) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഞാൻ പതിവായി ജപമാല ജപിക്കുവാൻ തുടങ്ങിയപ്പോഴാണു് എനിക്കു ലോകത്തെ മനസ്സിലാക്കാൻ സാധിച്ചതു്." അനുദിനം ഭക്തിപൂർവ്വം കൊന്ത ചൊല്ലുന്നവക്ക് ജീവിതത്തെ സംബന്ധിച്ച സമ്പൂർണ്ണമായ ക്രിസ്തീയ വീക്ഷണം ലഭിക്കുന്നു. മിശിഹായുടെ മനുഷ്യാവതാരം, ഭൗമിക ജീവിതം, പരിത്രാണ കൃത്യം എന്നിവയുടെ ദിവ്യപ്രഭാപൂരത്തിൽ ലോകത്തെയും, ലൗകികമായ യാഥാത്ഥ്യങ്ങളെയും മനുഷ്യജീവിതത്തെയും വീക്ഷിക്കുവാനും,

വിലയിരുത്തുവാനും അപ്രകാരം പരിപക്വമായ ഒരു ക്രിസ്തീയ ജീവിതം കരുപിടിപ്പിക്കുവാനും സാധിക്കുന്നതാണ്. ലൗകായതികമായ ചിന്താഗതി വളർന്നുവരുന്നതു് ക്രൈസ്തവമായ വീക്ഷണത്തിൻെറ അഭാവം നിമിത്തമാണല്ലൊ. അതുകൊണ്ടുതന്നെയാണ് പ. കന്യക ആധുനിക ഭൗതികവാദപ്രത്യയ ശാസ്ത്രങ്ങൾക്കും വിശിഷ്യാ കമ്മ്യൂണിസത്തിനുമെതിരായി ജപമാല ജപിക്കുവാൻ ആഹ്വാനം നല്കിയതു്. അതു് മനസ്സിലാക്കാതെയാണ് ഇന്നു് പലരും ജപമാലഭക്തി നിരുത്സാഹപ്പെടുത്തുകയോ പരിത്യജിക്കുകയോ ചെയ്യുന്നതു്.

## ലോകത്തിൻെറ ഭാവിഭാഗധേയങ്ങൾ നിർണ്ണയിക്കുന്ന പ്രാർത്ഥന.

ജപമാലഭക്തിയുടെ ആരംഭംമുതൽ അതു് സഭയുടെ ഭാവിഭാഗധേയങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ളതായി കാണാവുന്നതാണ്. അൽബിജേൻസിയൻ പാഷണ്ഡതയ്ക്കെതിരായി വി. ഡോമിനിക്കും അദ്ദേഹത്തിൻെറ സഭാംഗങ്ങളും ജപമാലയിലൂടെ വിജയംകരസ്ഥമാക്കി. യൂറോപ്പിനെ മുഹമ്മദീയാധിപത്യത്തിൽനിന്നും രക്ഷിച്ചതു് ജപമാലഭക്തിയാണ്. പത്തൊമ്പതാം നൂററാണ്ടിലെ ഭൗതികവാദത്തിൻെറ വെല്ലുവിളിക്കെതിരായി ലൂർദ്ദിൽ പ. കന്യക പ്രത്യക്ഷയായി പ്രാർത്ഥനയുടെ വിശിഷ്യാ ജപമാലയുടെ സന്ദേശംനല്കി. ഇരുപതാം നൂററാണ്ടിൽ കമ്യൂണിസത്തിൻെറ ഭീഷണിയെ നേരിടുവാൻ ജപമാലയുടെ വജ്രായുധം ധരിക്കുവാൻ ഫാത്തിമായിൽ ദൈവജനനി ആഹ്വാനം ചെയ്തു.

രണ്ടാം ലോകമഹായുദ്ധകാലത്തു് ഈജിപ്തിലെ "എൽഅലാമൈൽ" എന്ന സ്ഥലത്തെ യുദ്ധവും ടുണീഷ്യൻ വിജയവും സഖ്യകക്ഷികളുടെ (അമേരിക്ക,ബ്രിട്ടൻ ഫ്രാൻസ്) വിജയത്തിനു വഴിതെളിച്ചു. ഒന്നാമത്തെ വിജയം ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാംപീയൂസ് മാപ്പാ

പ്പാ ഫാരത്തിമാനാഥയുടെ ആഹ്വാനമനുസരിച്ചു് വിമ ലാംബികയ്ക്കുള്ള പ്രതിഷ്ഠ നിർവ്വഹിക്കുമ്പോഴും രണ്ടാമ ത്തേതു് അതിൻെറ വാർഷികം പ്രമാണിച്ചുള്ള കർമ്മങ്ങളു ടെ സമയത്തുമാണു് സംഭവിക്കുന്നതു്.

1959ൽ കേരളീയരുടെ ഐതിഹാസികമായ വി മോചന സമരവിജയത്തിൻെറയും കാരണം കേരള ക ത്തോലിക്കരുടെ ജപമാല ഭക്തിയാണെന്നു് പുണ്യചരി തനായ കാവുകാട്ടു തിരുമേനി വിമോചന സമരാനന്തരം ബാംഗളൂർ ധർമ്മാരാം കോളേജിൽ വൈദികവിദ്യാത്ഥി കളോടു് ചെയ്ത പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. 1960_ൽ ബ്രസീലിനെ ഒരു ആഭ്യന്തര വിപ്ലവത്തിൽനി ന്നും രക്ഷിച്ചതു് ബ്രസീൽ ജനതയുടെ ജപമാലഭക്തിയാ ണെന്നു് അക്കാലത്തു് പത്രങ്ങളിൽ വായിച്ചതായി ഓ ർമ്മിക്കുന്നു.

1960 ഒക്ടോബർമാസം 13_ാം തീയതി റഷ്യൻ പ്ര ധാനമന്ത്രി ക്രൂഷേവു് ഐക്യരാഷ്ട്ര ജനറൽ അസംബ്ലി യിൽ ഇപ്രകാരം പ്രഖ്യാപിച്ചു. ‘‘ഞങ്ങൾ നിങ്ങളെ കു ഴിച്ചുമൂടും’’ ലോകത്തിലുള്ള ഈശ്വര വിശ്വാസികളെയും, ജനാധിപത്യവാദികളെയും കുഴിച്ചു മൂടുമെന്നാണു് അദ്ദേ ഹം വ്യംഗ്യമായി പ്രസ്താവിച്ചതു്. എന്തുദ്ദേശത്തോടുകൂടി യാണു് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചതെന്നു് അ പ്പോൾ അജ്ഞാതമായിരുന്നു. അടുത്തകാലത്തു് ഇരുമ്പു യവനികയുടെ പിന്നിൽനിന്നും നമുക്കു ലഭിച്ച വാർത്ത ഇപ്രകാരമാണു്. ക്രൂഷേവു് ഇതു് പ്രഖ്യാപിച്ച ദിവ സം റഷ്യ സൈബീരിയായിൽ ലോകത്തിലെ ഏ റ്റവും മാരകമായ ഒരു ബോംബുപരീക്ഷണം (Super bomb) നടത്തുകയായിരുന്നു. ബോംബു സ്ഫോടനം വിജയപ്രദമായിരുന്നെങ്കിൽ ഇന്നു ജനാധിപത്യ രാജ്യ വാസികളും ഈശ്വരവിശ്വാസികളും മണ്ണിനടിയിലാകു മായിരുന്നു. പക്ഷേ ക്രൂഷേവു് പ്രതീക്ഷിച്ചതുപോലെ സ്ഫോടനം വിജയപ്രദമായില്ല. സ്ഫോടനത്തിലൂടെ റഷ്യയുടെ ഏററവും സമത്ഥരായ മുന്നൂറു് ശാസ്ത്രജ്ഞന്മാർ മൃതിയടഞ്ഞു.

ബോംബുസ്ഫോടനം പരാജയമടഞ്ഞതിൽ വിമലാംബികയുടെ മദ്ധ്യസ്ഥത ദർശിക്കുവാൻ വിശ്വാസികൾക്ക സാധിക്കും. ഫാത്തിമാനാഥയുടെ ആഹ്വാനമനുസരിച്ച് അന്നേദിവസം ലോകത്തിന്റെ നാനാഭാഗങ്ങളിലായി നാനൂറോളം രൂപതകളിൽ ജപമാല യജ്ഞങ്ങളും, റാലികളും, പരിഹാരപ്രദക്ഷിണങ്ങളും സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. (Soul· Jan: 1975) കൂടാതെ ക്രൂഷേവ് 1963‒ൽ ഈജിപ്തിലുള്ള ഒരു കോപ്റ്റിക്ക ദേവാലയം സന്ദർശിച്ചശേഷം ഇപ്രകാരം പ്രസ്താവിച്ചു.

"ഞാൻ ചെറുപ്പംമുതൽ ക്രിസ്തീയ വിശ്വാസത്തിലാണ് വളന്നതു്. ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക മാത്രമെ ആധുനിക ലോകത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ച് ശാശ്വതമായ സമാധാനം പ്രദാനം ചെയ്യുവാൻ സാധിക്കുകയുള്ള എന്ന് എനിക്കിപ്പോൾ ബോധ്യമായി.

1962‒ൽ ക്യൂബൻ പ്രതിസന്ധിയുടെയും ചൈന ഇൻഡ്യയുടെ നേക്കനടത്തിയ ആക്രമണത്തിന്റെയും അവസരങ്ങളിൽ അമർത്യ സ്മരണാർഹനായ യോഹന്നാൻ മാപ്പാപ്പാ ക്രിസ്തുമാതാവിന്റെ ജപമാല (Christi matris rosarium) എന്ന വിശ്വലേഖനത്തിലൂടെ ലോകസമാധാനത്തിനായി ജപമാല ചൊല്ലുവാൻ ആഹ്വാനംചെയ്തു.

സുഭഗസ്മരണാർഹനായ പൗലോസ് ആറാമൻ മാപ്പാപ്പാ ജപമാലയുടെ പ്രാധാന്യത്തെ അപഗ്രഥിച്ചശേഷം മരിയഭക്തി (Marialis Cultus) എന്ന ശ്ലൈഹിക ലേഖനത്തിൽ ലോകത്തിന്റെ ഭാവിഭാഗധേയങ്ങൾ നിർണ്ണയിക്കുവാൻ പര്യാപ്തമായ ജപമാല എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും, സ്ഥാപനങ്ങളിലും സമൂഹങ്ങളിലും ജപിച്ചു കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്.

## ലോകസമാധാനവും ജപമാലയും.

വിശ്വശാന്തിക്കായി ജപമാല ജപിക്കുക എന്ന് പ. കന്യക അനുസ്യൂതം ലോകത്തെ ആഹ്വാനം ചെയ്തുകൊ

ണ്ടിരുന്നു. ലാസലെററിലും, ഫാത്തിമായിലും സ്പെയി നിലെ ഗരബാൻഡലിലും ന്യൂയോക്കിലെ ബേസയീഡിലും ആധുനികലോകത്തെ സാർവ്വത്രിക വിപത്തിൽ നിന്നു് അഥവാ ഒരു മൂന്നാം ലോകമഹായുദ്ധത്തിൽനിന്നും (1960_ൽ പ്രസിദ്ധീകരിക്കുമെന്നറിയിച്ചിരുന്ന ഫാത്തിമാരഹസ്യത്തിൻെറയും, ഗരബാൻഡൽ, ബേസയീഡു് ദർശനങ്ങളുടെയും സന്ദേശം ആധുനികലോകം പാപപരമായ ജീവിതം പരിത്യജിക്കുന്നില്ലെങ്കിൽ ഒരു മൂന്നാം ലോകമഹായുദ്ധത്തെ അഭിമുഖീകരിക്കേണ്ടതായി വരുമെന്നുള്ളതാണു്. Cfr. Secret of Fatima by, Emett Callighan K. S. G. Heavens urgent message by. Fr. Bernard Neunes. O. C. D. and, അന്ത്യശാസനം, സി. ജെ. നീലിയറ) രക്ഷിക്കുവാൻ ജപമാല ഭക്തിപൂർവ്വം ജപിക്കുവാൻ അവിടുന്നാവശ്യപ്പെട്ടു.

ഒരു വ്യാഴവട്ടക്കാലം നീണ്ടുനിന്ന വിയററ്നാം സമരം അവസാനിപ്പിക്കുവാൻ ലോകരാഷ്ട്ര നേതാക്കന്മാർക്കു സാധിച്ചില്ല. സമാധാന സംസ്ഥാപനാത്ഥം ലോകവ്യാപകമായ നീലമുന്നണി (Blue Army) തീത്ഥാടനകന്യകയുടെ തിരുസ്വരൂപം സംവഹിച്ചു് തെക്കെവിയററ്നാമിൽ പര്യടനം നടത്തുവാൻ തീരുമാനിച്ചു. 1974_ൽ തീത്ഥാടന കന്യക വിയററ്നാമിൽ പര്യടനംനടത്തി. ജാതിമതഭേദമെന്യെ എല്ലാ വിയററ്നാംകാരും ചേർന്നു് അത്യുജ്ജ്വലമായ സ്വീകരണമാണു് ഫാത്തിമാനാഥയ്ക്കു് അവിടെ നല്കിയതു്. അതിനോടടുത്ത അവസരത്തിൽ പാരീസു് സമാധാന സംഭാഷണം നടന്നു. യുദ്ധവിരാമ ഉടമ്പടി രൂപംകൊണ്ടു. പിന്നീടു് കമ്യൂണിസ്റ്റുകാർ അതു് ലംഘിച്ചെങ്കിലും. വിമലാംബികയുടെ ദീനരോദനം ലോകത്തിൻെറ ശ്രവണപുടങ്ങളിൽ കേവലം വനരോദനമായി പരിണമിച്ചു. അതിൻെറ തിക്തഫലങ്ങളാണു് മാനവരാശി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതു്.) (Soul. 1975. April).

## പ. കന്യകയുടെ സാന്നിദ്ധ്യം.

ദൈവജനനിയെ സ്നേഹിക്കുകയും അവിടത്തോടു് യഥാർത്ഥമായ ഭക്തിപുലർത്തുകയും ചെയ്യുന്നവരിൽ പ. കന്യകയുടെ മൗതികസാന്നിദ്ധ്യം (mystical presence) ഉണ്ടായിരിക്കുമെന്നു് വിശ്രുത ദൈവശാസ്ത്രജ്ഞനായ റവ. ഫാ. ഗാരിഗോ ലഗ്രാഞ്ച്യ് അഭിപ്രായപ്പെട്ടിട്ടുണ്ടു്. (Fr. Garrigou Lagrange. The mother of God and our interior life). അടുത്തകാലത്തു് പ. കന്യക പോളണ്ടിൽ ഒരു വ്യക്തിക്കു് ദർശനം നല്കിക്കൊണ്ടു് ഇപ്രകാരം അരുളിച്ചെയ്തു. "പ. കുർബ്ബാനയിൽ ഈശോമിശിഹാ സന്നിഹിതനായിരിക്കുന്നതുപോലെ ജപമാലയിൽ എന്റെ സാന്നിദ്ധ്യമുണ്ടു്." (സത്യദീപം. Sept 1980.) ജപമാല ചൊല്ലുന്ന എല്ലാസ്ഥലത്തും പ. കന്യക സന്നിഹിതയായി നമ്മെ അനുഗ്രഹിക്കുന്നു എന്നുള്ളചിന്ത എത്ര ആശ്വാസകരമാണു്.

"കൊന്തക്കെഴുന്ന മഹിതഗ്ഗുണങ്ങളേതും
ചിന്തിച്ചിടാത്ത നരനൊന്നു ധരിച്ചിടേണം.
സന്താപസിന്ധുവിലണഞ്ഞ മർത്ത്യനെന്നും
മന്ദാരമാലജപമാല ദൃഢാവലംബം.
(ചിന്താമണി)

## മാപ്പാപ്പായുടെ തെരഞ്ഞെടുപ്പു്.

1974-ൽ ദക്ഷിണ വിയറ്റ്നാമിൽ തീർത്ഥാടന കന്യകക്കു ലഭിച്ച ഉജ്ജ്വലമായ സ്വീകരണത്തെ സംബന്ധിച്ചു് ചൈനീസു് പ്രധാനമന്ത്രി ചൗഎൻലായി അറിഞ്ഞു. അദ്ദേഹം ഒരു സുഹൃത്തു വഴി തീർത്ഥാടന കന്യകയുടെ പര്യടനം ചൈനയിലും നടത്തണമെന്നഭ്യർത്ഥിച്ചു. അമേരിക്കൻ ഗവണ്മെൻറിന്റെയും വത്തിക്കാന്റെയും അനുവാദം ലഭിക്കേണ്ടതിനാൽ ആലോചിച്ചു് വിവരം അറിയിക്കാമെന്നു് തൽഭാരവാഹികൾ മറുപടി നല്കി. അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു്

മറുപടി ലഭിക്കുന്നതിനു മുമ്പുതന്നെ ചൗ നിര്യാതനായി. പ്രസ്തുത പരിപാടിയനുസരിച്ച് ചൈന ഒഴിച്ചുള്ള ബാക്കി 19 രാജ്യങ്ങൾ സന്ദർശിക്കുന്നതിനായി തീർത്ഥാടനകന്യകയുടെ തിരുസ്വരൂപം "ലോകരാജ്ഞി" എന്ന വിമാനത്തിൽ 1978 ആഗസ്റ്റ് മാസത്തിൽ പോളണ്ടിൻെറ തലസ്ഥാനമായ വാർസോയിൽ എത്തി. പക്ഷേ റഷ്യയുടെ സമ്മർദ്ദം നിമിത്തം പോളണ്ടിലെ കമ്യൂണിസ്റ്റ് ഗവണ്മെൻറ് ഫാത്തിമാനാഥയുടെ തിരുസ്വരൂപം വിമാനത്താവളത്തിൽ നിന്നും കടത്തിവിട്ടില്ല. എന്നാൽ പോളീഷ് ഹയരാർക്കിയും ജനങ്ങളും ചെസ്റ്റഹോവായിലെ മാതൃതീർത്ഥകേന്ദ്രത്തിൽ സമ്മേളിച്ചു. ദൈവജനനിയോടുള്ള വിധേയത്വം പ്രഖ്യാപിക്കുകയും വിമലാംബികയോട് പ്രദർശിപ്പിച്ച അപമാനത്തിനു് പരിഹാരമർപ്പിക്കുകയും ചെയ്തു. അവർ പ്രസ്തുത തിരുസ്വരൂപത്തിൻെറ ഒരു മാതൃക കമ്പികൊണ്ടു് നിർമ്മിച്ച് പോളണ്ടിലുടനീളം പര്യടനം നടത്തി. (Soul. 1978 December)

1978-ഒക്ടോബർ മാസത്തിൽ പോളണ്ടിൽനിന്നു തന്നെ ക്രാക്കോവിലെ ആർച്ചുബിഷപ്പും തികഞ്ഞ മരിയഭക്തനുമായ കർദ്ദിനാൾ കരോൾ വോയ്റ്റിവയെ കർദ്ദിനാൾ തിരുസംഘം മാപ്പാപ്പായായി തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പ് സ്വീകരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു. ക്രിസ്തുവിനോടുള്ള അനുസരണത്തിലും ദൈവജനനിയിലുള്ള പ്രത്യാശയിലും തെരഞ്ഞെടുപ്പ് സ്വീകരിക്കുന്നു. "മനുഷ്യരക്ഷകൻ" എന്ന പ. പിതാവിൻെറ പ്രഥമ വിശ്വലേഖനത്തിലും അതുതന്നെ അദ്ദേഹം പ്രഖ്യാപിക്കുന്നു. ഇപ്പോൾ റഷ്യയും പോളണ്ടും തീർത്ഥാടനകന്യകയുടെ തിരുസ്വരൂപം പോളണ്ടിൽ പര്യടനം നടത്തണമെന്നാവശ്യപ്പെട്ടിരിക്കുകയാണു്. മാർപ്പാപ്പായുടെ തെരഞ്ഞെടുപ്പ് കമ്യൂണിസ്റ്റ് ലോകത്തെ കിടിലം കൊള്ളിച്ചിരിക്കുന്നു. വിമലാംബികതന്നെ പോളണ്ടിൽ എഴുന്നള്ളി മാർപ്പാപ്പായെ തെരഞ്ഞെടുത്തു എന്നുപറയുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. (Soul. December. 1978)

## കുടുംബങ്ങളുടെക്രൈസ്തവവൽക്കരണം.

കുടുംബങ്ങളുടെ ക്രൈസ്തവൽക്കരണം ഇരുപതാംനൂററാണ്ടിലെ ഏററവും വലിയപ്രേഷിതവൃത്തിയാണെന്നു പ്രശസ്തദൈവശാസ്ത്രജ്ഞനായ ഫാ. ബെർണാർദ്ദ് ഹേയറിങ്ങ്പ്രസ്താവിച്ചിട്ടുണ്ട് അതിൽ ജപമാലയ്ക്കു് സുപ്രധാനമായ സ്ഥാനമാണുള്ളതു്. കേരളകത്തോലിക്കാകുടുംബങ്ങളിൽ ഭദ്രതയും സമാധാനവും ഐക്യവും ക്രൈസ്തവാന്തരീക്ഷവും നിലനിറുത്തുന്നതിനു് കുടുംബ ജപമാല വളരെയധികം സഹായിച്ചിട്ടുണ്ടെന്നുള്ളതു് അവിതക്കിതമായ ഒരു വസ്തുതയത്രെ.

ആധുനികകാലത്തു് കുടുംബങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്നു, കാരണം ജപമാല പുരോഗമനത്തിനു യോജിച്ചതല്ല എന്ന ഒരു മിഥ്യാധാരണ രംഗപ്രവേശം ചെയ്തു. ചിലരെല്ലാം പരിഷ്കാരം എക്കുമേനിസം, ആരാധനക്രമനവീകരണം എന്നിതിൻെറ മറയിൽ ജപമാലയെ നിരുത്സാഹപ്പെടുത്തി. സന്യാസഭവനങ്ങളിൽപോലും ജപമാല കൂട്ടമായി ജപിക്കുന്ന പാരമ്പര്യത്തിനു് ഉടവുതട്ടി. വിശ്രുതജപമാല പ്രേഷിതനായ ഫാ. പാട്രിക്ക്പേയ്ററിൻെറ മുദ്രാവാക്യം, ഒരുമിച്ചു് പ്രാത്ഥിക്കുന്ന കുടുംബം ഒന്നിച്ചുനിലനിൽക്കുമെന്നുള്ളതാണു്. അപ്രകാരമുള്ള കുടുംബങ്ങളിൽ ക്രിസ്തുനാഥനും ദിവ്യജനനിയും ഭരണംനടത്തും. അവിടെ ഐക്യവും സമാധാനവും, സംതൃപ്തിയും കളിയാടും. വിധിദിവസത്തിൽ അവരെല്ലാവരും ക്രിസ്തുനാഥൻെറ വലത്തുഭാഗത്തു് അണിനിരക്കും. ഫാ. പെയ്ററൺ 1979 ജനുവരിമാസത്തിൽ ബ്രസീലിലെ സാൻപാവുളോയിൽ നടത്തിയ ജപമാലറാലിയിൽ ഏകദേശം ഇരുപതു ലക്ഷത്തോളം കത്തോലിക്കർ സംബന്ധിച്ചു. (Our Lady's Digest 1979 March)

ജപമാലയിൽ ആവത്തനമുണ്ടു്, വിരസത അനുഭവപ്പെടുന്നു ആധുനികരുടെ അഭിരുചിക്കുപററിയതല്ല എന്നെല്ലാമുള്ള ആരോപണങ്ങളുണ്ടു്. ഹിന്ദുക്കൾ കോടി അർച്ചനയും, ലക്ഷാർച്ചനയും, സഹസ്രനാമകീത്തനവും

ശരണം വിളിയുമെല്ലാം ഇന്നും നിർവ്വഹിക്കുന്നു. ഭാരതവൽക്കരണത്തിന്റെ പേരിൽ "ഓംകാരം" അനേകം പ്രാവശ്യം ഉരുവിടുവാൻ പലർക്കും മടിയില്ല. കഴിവതും ഭക്തിയോടും ശ്രദ്ധയോടും കൂടി പ്രാർത്ഥിച്ചാൽ വൈകാരികാനുഭൂതിയേക്കാളുപരി ജീവിതപരിവർത്തനം ജപമാലയിലൂടെ സാദ്ധ്യമാണ്. ക്രൈസ്തവ അസ്തിത്വമല്ല വൈകാരികാനുഭൂതിയാണ് നമ്മുടെ പ്രാർത്ഥനയുടെ ലക്ഷ്യമെങ്കിൽ അതു് യഥാർത്ഥ പ്രാർത്ഥനയല്ല എന്നാണ് ആദ്ധ്യാത്മിക ശാസ്ത്രജ്ഞന്മാരുടെ അഭിമതം (Christotherapy Bernard. J· Tyrell P· 99 )

ഉത്ഭവത്തിൽ തികച്ചും പാരത്രികവും ഫലത്തിൽ അത്ഭുതാവഹവും ജീവിതസ്പർശിയും, വ്യക്തികളുടെയും, കുടുംബങ്ങളുടെയും വിശുദ്ധിക്കു സഹായകവും ലോകസമാധാനത്തിനു് അനിവാര്യവുമായ ജപമാല എല്ലാ കുടുംബങ്ങളിലും ജപിക്കുന്നതു് അനുഗ്രഹദായകമത്രെ. ജപമാലയെ ആധുനികരുടെ അഭിരുചിക്കു് ഉതകത്തക്കതാക്കുവാൻ ഇടയ്ക്കു സംഗീതവും ഭജനകളുമൊക്കെക്കൂടി ചേർത്തു നവീകരിക്കുന്നതും സ്വാഗതാർഹമാണ്. ജപമാലറാലികളും, ജപമാലയജ്ഞവും കൃശുയുദ്ധവുമൊക്കെ പുനരാരംഭിക്കേണ്ട ഒരു കാലഘട്ടമാണിതു്.

## അദ്ധ്യായം ആറ്

# പ. കന്യകയും ലോകസമാധാനവും

ലോകം ഇന്നും സമാധാനത്തിനായി ദാഹിക്കുന്നുണ്ട്. പക്ഷേ മനുഷ്യനെ സംബന്ധിച്ചിടത്തോളം സമാധാനം ഇന്ന് ഒരു ദിവാസ്വപ്നമായി അവശേഷിച്ചിരിക്കുകയാണ്. സമാധാനം എന്താണ്?

"pax est tranquilitas in societate" എന്നു വി തോമസ് അക്വീനാസ് നിർവ്വചിച്ചിരിക്കുന്നു." സമൂഹത്തിലുള്ള സ്വസ്ഥതയാണു സമാധാനം.

ലോകസമാധാനത്തിനായി പ. കന്യക ഒരു മാനിഫെസ്റ്റോ പ്രഖ്യാപിച്ചിട്ടുണ്ട്. അത് വിമല ഹൃദയഭക്തി, ജപമാല, പാപികളുടെയും, റഷ്യയുടെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക എന്നിവയാണ്. റഷ്യയുടെ മാനസാന്തരവും ലോകസമാധാനവുമായി അഭേദ്യമായി ബന്ധപ്പെടുത്തിയാണ് പ. കന്യക ഫാത്തിമായിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കാരണം കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം, യുദ്ധത്തിൻെറയും വിപ്ലവത്തിൻെറയും, വിദ്ധ്വംസക പ്രവർത്തനങ്ങളുടെയും തത്വശാസ്ത്രമാണ്.

സമാധാനപരമായ സഹവർത്തിത്വം അവർ പ്രസംഗിക്കുന്നുണ്ടെങ്കിലും എപ്പോഴും യുദ്ധത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റ് ഭീഷണി ലോകത്തിൽ നിലനില്ക്കുന്നിടത്തോളം കാലം ലോകസമാധാനം അപ്രാപ്യമാണ്.

ലോകത്തിലെ മഹൽശക്തികൾ ഇപ്പോൾ ആയുധനിർമ്മാണത്തിനായി ഒരു വർഷം മുപ്പതുലക്ഷം കോടി ഡോളർ ചെലവഴിക്കുന്നതായി ഒരു കണക്ക്

അടുത്തകാലത്തു് കാണുകയുണ്ടായി. അതായതു്, ചൈനയും ഇൻഡ്യയുംപോലുള്ള പല രാജ്യങ്ങളുടെ വികസനത്തിനാവശ്യമായ തുകയാണു് ഓരോ വർഷവും ലോകരാഷ്ട്രങ്ങൾ ആയുധ മത്സരത്തിനായി നശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ജനാധിപത്യരാഷ്ട്രങ്ങളും കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളും പരസ്പര സംശയത്തിലും ഭയത്തിലുമാണു് കഴിയുന്നതു്. അതു് നീങ്ങാതെ ആയുധമത്സരം അവസാനിക്കുകയില്ല, സമാധാനം സംജാതമാവുകയില്ല.

സമാധാനപരമായ സഹവർത്തിത്വം വാ തോരാതെ പ്രസംഗിക്കുന്ന റഷ്യയാണു് ഹംഗറിയും; ചെക്കോസ്ലാവോക്യായും, വിയററ്നാമും, കംബോഡിയായും, എത്യോപ്പിയായും, അഫ്ഗാനിസ്ഥാനുമെല്ലാം കീഴടക്കിയതു്. അതെ അവസരത്തിൽ ജനാധിപത്യരാഷ്ട്രങ്ങൾ നൂറിൽ പരം രാഷ്ട്രങ്ങൾക്കു സ്വാതന്ത്ര്യം നല്കി.

സമാധാനം എന്നതു് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണു് നിയമ, സന്മാർഗ്ഗിക, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, മതപ്രശ്നങ്ങളെല്ലാം അതിൽ ഉൾക്കൊള്ളുന്നുണ്ടു്. അതിനാൽ സമാധാനസംസ്ഥാപനാർത്ഥം പരിശ്രമിക്കുമ്പോൾ ഇവയെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. സമാധാനം മനുഷ്യസ്വഭാവത്തോടു് അവഗാഢം ബന്ധിതമാണു്. മനുഷ്യസ്വഭാവത്തിനു് നാം നല്കുന്ന നിർവ്വചനത്തെ ആശ്രയിച്ചാണു് സമാധാനവും സ്ഥിതിചെയ്യുന്നതു്. ജീവിതതത്വശാസ്ത്രവും സമാധാനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ആധുനിക ലോകത്തെ പരസ്പര വിരുദ്ധമായ രണ്ടു് ചേരികളായി അണിനിരത്തിയിരിക്കുന്ന ഏററവും വലിയ സാമൂഹ്യപ്രശ്നം മനുഷ്യൻ എന്താണു് എന്ന ചോദ്യമത്രെ. അതിനു മനുഷ്യൻ നല്കുന്ന ഉത്തരമനുസരിച്ചാണു് മനുഷ്യനോടു് എപ്രകാരം പെരുമാറണമെന്നു് ഓരോരുത്തരും തീരുമാനിക്കുന്നതു്.

എല്ലാമനുഷ്യരും ദൈവത്തിൻെറ സ്വന്തഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണു്. എല്ലാവർക്കും അമർത്ത്യമായ ഒരാത്മാവുണ്ടു്, സനാതനമായ പാരത്രീകജീ

വിതമാണ് ജീവിതലക്ഷ്യം, നാം ദൈവസുതനാൽ പരിത്രാണം ചെയ്യപ്പെട്ടവരാകുന്നു എന്നുള്ളസത്യം സാവ്വത്രീകമായി അംഗീകരിക്കാത്തിടത്തോളം കാലം ലോകസമാധാനം സംലബ്ധമാവുകയില്ല.

ആധുനികലോകത്തിൽ ഇതിനു കടക വിരുദ്ധമായ ഒരു തത്വസംഹിത വിശ്വവ്യാപകമായിത്തീന്നിട്ടുണ്ട്. അതു് കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രമാണ്. ദാശ്നികമായ കമ്യൂണിസം വഗ്ഗസമരമാണു്, പഠിപ്പിക്കുന്നതു്. ലോകചരിത്രസംഗ്രഹം വഗ്ഗസമരമാണു്. പ്രത്യയ ശാസ്ത്രപരമായി കമ്യൂണിസം വിപ്ലവത്തിൻെറയും വഗ്ഗസമരത്തിൻെറയും യുദ്ധത്തിൻെറയും വീക്ഷണമാണു് സ്വീകരിച്ചിട്ടുള്ളതു്. പിന്നെ എപ്രകാരം സമാധാനം പുലരും.

ഒന്നാം ലോകമഹായുദ്ധം അതിൻെറ സകല വിധമായ ഭീകരതകളോടും കൂടി നഗ്നതാണ്ഡവം ചെയ്യുന്ന അവസരത്തിൽ ദൈവജനനി ജപമാലയും കയ്യിലേന്തി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടു് സമാധാനത്തിനുള്ള സന്ദേശം ലോകത്തോടു് പ്രഖ്യാപിച്ചു. പക്ഷേ ലോകം അതു് അവഗണിച്ചു. കേവലം കപോലകല്പിതമായ കെട്ടുകഥയായിട്ടാണു് പലരും ഫാത്തിമാസന്ദേശത്തെ വീക്ഷിക്കുന്നതു്. എന്നാൽ ആധുനികലോകത്തിൻെറ പ്രത്യാശ ആ സന്ദേശമത്രെ. റഷ്യയുടെ മാനസാന്തരത്തിനു് നമുക്കുള്ള ഏകശുഭപ്രതീക്ഷ പ. കന്യകയുടെ വാഗ്ദാനവും റഷ്യക്കാരുടെ മരിയഭക്തിയുമാണു്. പിന്നീടും പല സ്ഥലങ്ങളിലും പരിശുദ്ധ കന്യക അതെ സന്ദേശം ആവർത്തിക്കുകയുണ്ടായി.

ലോകത്തിൽ കമ്മ്യൂണിസ്റ്റു് ഭീതിയും ആയുധമത്സരവും അവസാനിക്കുമ്പോൾ ഓരോ വഷവും അനേകലക്ഷം കോടികൾ ലോകരാഷ്ട്രങ്ങൾക്കു് വികസനത്തിനായി ഉപയോഗിക്കാം. അപ്പോൾ തൊഴിലില്ലായ്മയും, പട്ടിണിയും പരിഹരിക്കാവുന്നതാണു്.

ആധുനിക മനുഷ്യനു് പാപബോധമില്ലായ്മയും വദ്ധിച്ചുവരുന്നു. ലൈംഗികാതിപ്രസരവാദവും മററു് തിന്മകളും മാനവകുലത്തെ കിരാത സംസ്കാരത്തിലേയ്ക്കാ

DHARMARAM COLLEGE LIBRARY
BANGALORE-29.

ണ്ട് നിപതിപ്പിച്ചിരിക്കുന്നതു്. ഫാത്തിമാ സന്ദേശം ക്രൈസ്തവമായ എല്ലാ വിശ്വാസസംഹിതകളുടെയും നാടകീയമായ ഒരു പുനരവതരണമെന്നുതന്നെ പറയാം.

അഫ്ഗാൻപ്രശ്നം, ഇറാൻപ്രശ്നം, ഇറാക്കുഇറാൻ യുദ്ധം, ഇസ്രായേലും അറബികളും തമ്മിലുള്ള ശത്രുത, പോളണ്ടിലെ അനിശ്ചിതത്വം, കംബൂച്ചിയാ എന്നിങ്ങനെ അനേകം പ്രശ്നങ്ങൾ ലോകത്തെ ഒരു മഹായുദ്ധത്തിന്റെ വക്കിൽ എത്തിച്ചിരിക്കുന്നു.

വിമലാംബികയുടെ മാതൃപരിലാളനയിൽ മാത്രമെ നമുക്കു എന്തെങ്കിലും പ്രത്യാശ കണ്ടെത്തുവാൻ സാധിക്കുകയുള്ളു. അതിനാൽ കത്തോലിക്കാ ലോകം ഈ വിപൽസന്ധിയിൽ വിമലാംബികയുടെ പക്കലേയ്ക്കു തിരിഞ്ഞു് പ്രാർത്ഥന, പരിത്യാഗം ജപമാലഭക്തി, വിമലഹൃദയഭക്തി എന്നിവയിലൂടെ ആധുനിക ലോകത്തെ ഭീഷണിപ്പെടുത്തിയിരിക്കുന്ന വിപത്തിൽനിന്നും രക്ഷിക്കണം.

## ലൂസിഫറിന്റെ തുറന്ന കത്തു്

ഒരിക്കൽ സോൾ(soul) എന്ന അഭിധാനത്തിൽ അമേരിക്കയിൽനിന്നും പ്രസിദ്ധീകരിക്കുന്ന മാസികയിൽ ഭാവനാകല്പിതമായി ലൂസിഫർ കത്തോലിക്കർക്കെഴുതിയ ഒരു തുറന്ന കത്തു് വായിക്കുകയുണ്ടായി.

''കത്തോലിക്കരെ നിങ്ങൾക്കു എന്റെ അനുമോദനങ്ങളും അഭിവാദനങ്ങളും. നിങ്ങൾ എന്റെ വിജയം സുനിശ്ചിതമാക്കിയിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ജീവിക്കുന്നതുപോലെ ജീവിക്കണം. കന്യക മറിയത്തോടു് ഭക്തി ഉണ്ടാകരുതു്. ദൈവപ്രമാണങ്ങൾ ലംഘിച്ചുകൊണ്ടു്, അവിഹിതമായ വിനോദങ്ങളിലും സന്തോഷങ്ങളിലും ഏർപ്പെട്ടുകൊള്ളുവിൻ. ജപമാല ജപിക്കരുതു്. ഉത്തരീയം ധരിക്കരുതു്. അവ ഇന്നത്തെ കാലത്തിനു് യോജിച്ചതല്ലെന്നുള്ള ബോദ്ധ്യം തുടന്നു കൊള്ളുവിൻ. നിങ്ങളുടെ

മക്കളെ മതപഠനത്തിനയയ്ക്കുകയോ ദേവാലയത്തിലെ കർമ്മങ്ങളിൽ പങ്കെടുപ്പിക്കുകയോ ചെയ്യുവാൻ കഴിവതും അനുവദിക്കാതിരിക്കുക. വി. ഗ്രന്ഥപാരായണത്തെ നിരുത്സാഹപ്പെടുത്തുവിൻ. അശ്ലീലമായിട്ടുള്ള ഗ്രന്ഥങ്ങൾക്കും പത്രമാസികകൾക്കും സൈ്വരൃവിഹാരം അനുവദിക്കുക. ലൈംഗികാസക്തി വർദ്ധിപ്പിച്ചുകൊണ്ടുവരണം: വിനയാന്വിതമായ വസ്ത്രധാരണമൊക്കെ പഴഞ്ചൻ ചിന്താഗതിയല്ലെ? നാസ്തികവാദവും കമ്യൂണിസവും അത്ര അപകടമല്ലെന്നു ധരിച്ചാലും. ഇപ്രകാരം നിങ്ങൾ എനിക്കു ചെയ്തിരിക്കുന്ന സേവനം നിസ്തുലമാണ്. നിങ്ങൾക്ക് ഒരിക്കൽകൂടി എന്റെ അനുമോദനങ്ങളും അഭിവാദനങ്ങളും.

നിങ്ങളുടെ സുഹൃത്ത്
ലൂസിഫർ.

അദ്ധ്യായം 7

# മരിയഭക്തിയും എക്കമേനിസവും

മരിയഭക്തിയെ സംബന്ധിച്ച അന്തർദ്ദേശീയ സമ്മേളനം 1980 ജൂലൈ മാസത്തിൽ സ്പെയിനിൽ വച്ച് നടക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ കത്തോലിക്കാ, ഗ്രീക്ക് ഓർത്തഡോക്സ്, ആംഗ്ലിക്കൻ, പ്രോട്ടസ്റ്റന്റ് സഭയിലെ ദൈവശാസ്ത്രജ്ഞന്മാർ സംബന്ധിച്ചിരുന്നു. മരിയഭക്തിയുടെ ആവശ്യകതയും, ദൈവശാസ്ത്രപരമായ അടിസ്ഥാനവും സംബന്ധിച്ച് സഭകൾക്ക് അഭിപ്രായഐക്യമുണ്ടായി.

(സത്യദീപം. 1980 August)

മരിയൻ പാപ്പാ എന്ന അപരാഭിധാനത്തിന് തികച്ചും അർഹനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 1950–ൽ ''മുനിഫിച്ചെന്തേസീമൂസ് ദേവൂസ്'' എന്ന ബൂളാ വഴി പ. കന്യകയുടെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. പ്രസ്തുത സത്യം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുവാൻ പോകുന്നുഎന്നറിഞ്ഞപ്പോൾ കത്തോലിക്കരും അകത്തോലിക്കരുമായ പല സമുന്നത ദൈവശാസ്ത്രജ്ഞന്മാരും ആ പ്രഖ്യാപനം അകത്തോലിക്കസഭകളുടെ കത്തോലിക്കാസഭയുമായിട്ടുള്ള ഐക്യത്തിന് വിഘാതമായി പരിണമിക്കുമെന്ന് അഭിപ്രായപ്പെട്ടു. പക്ഷെ അത്യഗാധപണ്ഡിതനും തികഞ്ഞ മരിയഭക്തനുമായ പന്ത്രണ്ടാം പീയൂസ് അവരുടെ വിതണ്ഡവാദങ്ങൾക്ക് മറുപടിയായി ഇപ്രകാരം പ്രഖ്യാപിച്ചു. പ. കന്യകയെ ബഹുമാനിക്കുന്നതു കൊണ്ട് ആരും ക്രിസ്തുവിൽ നിന്നോ സഭയിൽനിന്നോ അകലുന്നതിന് ഇടയാവുകയില്ല. പ്രത്യുത, അത് മിശിഹായോടുള്ള സമീപനം സുഗമമാക്കുന്നു.'' ഒരു ദശാബ്ദം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ എത്ര അന്വർത്ഥമെന്ന് ലോകം ദർശിച്ചു.

ആധുനിക കാലത്തെപോലെ ക്രൈസ്തവൈക്യത്തിനുള്ള സാർവ്വത്രികമായ അഭിവാഞ്ഛ ഇതിനു മുമ്പ് ഒരിക്കലും നാം ചരിത്രപക്ഷങ്ങളിൽ കാണുകയില്ല. ഈ നവോത്ഥാനത്തെ പരമാവധി പ്രയോജനപ്പെടുത്തി ക്രൈസ്തവഐക്യം ഒരു യാഥാർത്ഥ്യമാക്കി തീർക്കുമെങ്കിൽ നാം വിജയം വരിക്കും. "മൗലികമായ തത്വങ്ങളിൽ പരിപൂർണ്ണമായ ഐക്യം, അപ്രധാനമായവയിൽ സ്വാതന്ത്ര്യം, സർവ്വോപരി സ്നേഹം" എന്ന യോഹന്നാൻ മാർപ്പാപ്പായുടെ ആദർശം സാർവ്വജനീനമായി അംഗീകൃതമായി. ക്രിസ്തുവിൽ മാനവരാശി മുഴുവൻ ഏകീഭവിക്കുന്ന പൊൻപുലരിയുടെ മംഗളോദയം നമുക്ക് പ്രത്യാശിക്കാം. ഐക്യത്തിനു് പ്രതിബന്ധമായ പല പ്രാകാരനിരകളും നിലംപതിച്ചു. സാമൂഹ്യ, സംസ്കാരിക, രാഷ്ട്രീയ, സാമുദായിക പ്രശ്നങ്ങളിൽ നാം അടുത്തു. വൈകാരികമായ പല വിഷമതകളും പരിഹൃതമായി. പക്ഷേ ക്രൈസ്തവഐക്യം ഇന്നും ഒരു യാഥാർത്ഥ്യമായിത്തീർന്നിട്ടില്ല. പ. കന്യകയെ സംബന്ധിച്ച കത്തോലിക്കാ വിശ്വാസം ഐക്യത്തിനു് വിഘാതമല്ലെന്നു എല്ലാ സഭകളിലെയും വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ദൈവജനനി ഒരിക്കലും ക്രൈസ്തവഐക്യത്തിനു് പ്രതിബന്ധമല്ല. നേരേ മറിച്ചു് പ. കന്യക തന്നെയാണു് ഏകുമേനിസത്തെ ത്വരിതപ്പെടുത്തുന്നതു്. പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തോടടുത്തു് പാരീസിലെ വിജയമാതാവിൻെറ ദേവാലയത്തിലെ വികാരിയായിരുന്ന ഫാ. എം. സഗെനററു് ഒരു പ്രത്യേക ദൈവിക പ്രചോദനത്താൽ അദ്ദേഹത്തിൻെറ ദേവാലയത്തെ മാതാവിൻെറ വിമലഹൃദയത്തിനു് പ്രതിഷ്ഠിച്ചു. അവിടെ പാപികളുടെ മാനസാന്തരത്തിനുള്ള വിമലഹൃദയ സഖ്യവും സ്ഥാപിതമായി. അധികം താമസിയാതെ ധാരാളം പേരുടെ പുനരൈക്യം നടന്നു. ജോർജ്ജ് സ്പെൻസർ എന്ന ഇംഗ്ലീഷ്കാരൻെറ മാനസാന്തരം സുപ്രസിദ്ധമാണു്. അദ്ദേഹം ഒരു പാഷനിസ്റ്റു് സന്യാസിയായി അദ്ദേഹം തന്നെ പാരീസിൽ വിജയമാതാവിൻെറ ദേവാലയത്തിൽ

സന്നിഹിതനായി ഇംഗ്ലണ്ടിൻെറ പുനരൈക്യത്തിനായി ഒരു ക്രൂ ശ്രൂയുദ്ധമാരംഭിച്ചു. ആംഗ്ലിക്കൻ സഭാ നേതാവായ ഡോ.പൂസി ഇതു കണ്ടപ്പോറം ഭയവിഹ്വലനായി. 1845–ൽ കർദ്ദിനാറം വൈസ്മാൻ തന്നെ ഇംഗ്ലണ്ടിൽ നിന്നും പാരീസിൽ വന്ന് അതെ അഭ്യത്ഥന നിർവ്വഹിച്ചു. ഒരു വർഷത്തിനകം ഓക്സ്ഫോർഡിലെയും കേംബ്രിഡ്ജിലെയും ഏററവും പ്രശസ്ത ദീപങ്ങളായ അറുപതുപേർ കത്തോലിക്കാ സഭയെ സമാശ്ലേഷിക്കുകയുണ്ടായി. കർദ്ദിനാറം ന്യൂമാൻ, ഓക്ക്ലോ, ഫേബർ മുതലായവർ ആ ഗണത്തിൽപ്പെടുന്നു.

സഭയുമായി പുനരൈക്യപ്പെട്ട ഫാ. ഫേബർതന്നെ പിന്നീട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. പ. കന്യകയ്ക്കു യഥാത്ഥ ദൈവശാസ്ത്രം നല്കുന്ന സ്ഥാനമെന്താണെന്ന് വളരെ കുറച്ചുപേർമാത്രമെ അറിയുന്നുള്ളു. അതുകൊണ്ട് ദൈവമാതാവിനോടുള്ള ഭക്തി വളരെ മന്ദീഭവിച്ചുവരുന്നു. തന്നിമിത്തം ഈശോ സ്നേഹിക്കപ്പെടുന്നില്ല. പ്രോട്ടസ്റ്റൻറുകാർ മാനസാന്തരപ്പെടുന്നില്ല. സഭ മഹത്വീകരിക്കപ്പെടാതിരിക്കുന്നു. വിശുദ്ധിയിൽ പുരോഗമിക്കുന്ന ആത്മാക്കറം വളരെ കുറച്ചുമാത്രം. കൂദാശകളുടെ സ്വീകരണത്തിൽ വൈമുഖ്യം പ്രദശിപ്പിക്കുന്നു. അനേകം ആത്മാക്കറം സുവിശേഷത്താൽ ദീപ്തിമത്താകുന്നില്ല. മറിയം യവനികയ്ക്കു പിന്നിലായതിനാൽ ഈശോയും അറിയപ്പെടാതിരിക്കുന്നു. അവളെ നാം കാണിച്ചുകൊടുക്കാത്തതിനാൽ അനേകം ആത്മാക്കറം നശിക്കുകയാണ്. ഇന്നു നാം മരിയഭക്തി എന്നു വിളിക്കുന്നതു് കേവലം ഒരു നിഴൽ മാത്രമാണ്. അതാണ് ഇന്നത്തെ മതപരമായ വിരസതയ്ക്കും, തിന്മകറംക്കും നാശത്തിനും കാരണം.

വത്തിക്കാൻ സൂനഹദോസിൽ പുരോഗമന വാദിയായ കർദ്ദിനാറം സൂവനൻസ് ഇപ്രകാരം പ്രസ്താവിച്ചു. പ. കന്യകയ്ക്കു പരിത്രാണകമ്മത്തിലുള്ള യഥാത്ഥസ്ഥാനം നാം അംഗീകരിക്കുകയും അതിനനുസരണമായി ഭക്തി പ്രദശിപ്പിക്കുകയും ചെയ്യുന്നതു് പുനരൈക്യത്തിനു് വിഘാതമാവുകയില്ല പ്രത്യുതാ അതിനെ സുഗമമാക്കും. വെ

സ്റ്റ് മിനിസ്റ്റർ മെത്രാപ്പോലീത്തായും ഇംഗ്ലണ്ടിലെ പ്രീമേററുമായിരുന്ന കർദ്ദിനാറം ഹീനൻ പറയുകയുണ്ടായി. "Mary is not a Cause for division but bound of unity" പ. കന്യക വിഭജനത്തിനു കാരണമല്ല ഐക്യത്തിൻെറ ശൃംഖലയാണ്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് അവളുടെ ആധ്യാത്മികമായ മാതൃത്വം പ്രഖ്യാപിച്ചതോടുകൂടി പ. കന്യക ഒരു വിധത്തിലും ഐക്യത്തിനു് പ്രതിബന്ധമല്ല നേരെമറിച്ച് അവളുടെ മാതൃത്വം ഐക്യത്തെ ത്വരിതപ്പെടുത്തുന്നു എന്നു് വ്യക്തമാക്കി. ഒരു കുടുംബത്തിൽ മാതാവു് എപ്രകാരം സ്വസന്താനങ്ങളെ തമ്മിൽ യോജിപ്പിച്ചു കൊണ്ടുപോകുന്നുവോ അതുപോലെ നമ്മുടെ അമ്മയും എല്ലാ ക്രൈസ്തവരെയും ഐക്യപ്പെടുത്തും. കത്തോലിക്കർ ഐക്യത്തിനുവേണ്ടി യഥാർത്ഥഭക്തി കുറയ്ക്കുകയല്ല പ്രത്യുത അവറം അർഹിക്കുന്ന സ്ഥാനമെന്താണെന്നു് ദൈവശാസ്ത്രപരമായ തെളിവുകളോടു കൂടി സമർത്ഥിക്കുകയാണു് വേണ്ടതു്. "പ. കന്യക നമ്മുടെ എക്യുമേനിസ് പ്രസ്ഥാനത്തിൻെറ മദ്ധ്യത്തിലുണ്ട്" എല്ലാവരുടെയും ക്രിസ്തുവിലുള്ള ഐക്യം സാർത്ഥകമാക്കുവാൻ. മാതാവില്ലാത്ത കുടുംബങ്ങളിലെ കുട്ടികളുടെ ദയനീയത ആക്കാണു് മനസ്സിലാകാത്തതു്." (Cardinal Suenens. Mary mother of God. p. 131)

ബാപ്റ്റിസ്റ്റ് സഭാനേതാവായ ബില്ലിഗ്രഹാം അദ്ദേഹത്തിൻെറ ചിക്കാഗോ കൺവെൻഷൻ ഉൽഘാടനം ചെയ്തുകൊണ്ട് 1963_ൽ ഇപ്രകാരം പ്രസ്താവിച്ചു. "നാം പരി. കന്യകയെ തീരെ തരംതാഴ്ത്തി. സ്വർഗ്ഗീയപിതാവു് ലോകത്തിലേയ്ക്കയച്ച് നമ്മുടെ പാപപരിഹാരത്തിനുവേണ്ടി കുരിശിൽ സ്വയം ബലിയർപ്പിച്ച തൻെറ തിരുക്കുമാരനെ സ്വീകരിക്കുന്നതിനായി ദൈവത്താൽ സവിശേഷമാം വിധം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണവറം. ((Miraculous medal. Sep. 1963.)

കത്തോലിക്കാ തിരുസ്സഭയുമായി പുനരൈക്യപ്പെട്ട എല്ലാ വ്യക്തികളും പ. കന്യകയുടെ മാതൃപരിലാളനയി

ലൂടെയാണ്‌ സത്യസഭയെ സമാശ്ലേഷിക്കുവാൻ സാധിച്ചതു് എന്നു് സമ്മതിക്കുന്നുണ്ടു്. പുനരൈക്യത്തിനു് മാനുഷികതലത്തിലുള്ള പല പ്രതിബന്ധങ്ങളും തരണം ചെയ്തു. പുനരൈക്യ പ്രസ്ഥാനത്തിന്റെ വീഥിയിൽ ദുർഗ്ഗമങ്ങളെന്നു കരുതിയിരുന്ന പ്രാകാരനിരകൾ പലതും നിലം പരിശായി. ദൈവശാസ്ത്രപരമായ എന്തെങ്കിലും പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അതിനെയും പിന്നിട്ടുകൊണ്ടു് ഐക്യത്തിന്റെ സുപ്രഭാതം, എക്കുമേനിസം പൂവണിയുന്ന നവയുഗം ഉദയംചെയ്യുന്നതിനു് ഇനി അത്യാവശ്യമായിരിക്കുന്നതു് പരിശുദ്ധാത്മാവിന്റെ പ്രകാശവും പ്രസാദവരവുമാണു്. ദൈവമാണു് ഐക്യത്തിന്റെ കർത്താവു്. ദൈവം ഐക്യം സ്ഥാപിച്ചതു് പ. കന്യക വഴിയാണല്ലൊ. സഭയിൽനിന്നു് വേർപെട്ടവർ ഐക്യത്തിനു് ഹാനി വരുത്തി. അതിന്റെ പുനഃസ്ഥാപനത്തിലും പ. കന്യകയ്ക്കു് സുപ്രധാനമായ പങ്കുവഹിക്കുവാനുണ്ടു് എന്നതു് നാം വിസ്മരിക്കരുതു്.

ഫാ. ഫേബറിനോടുകൂടി നമുക്കും ഇപ്രകാരം പറയാം. ഓ! മറിയം യഥാർത്ഥത്തിൽ അറിയപ്പെട്ടിരുന്നുവെങ്കിൽ, കർത്താവിനോടു് ഇത്രമാത്രം കൃതഘ്നത നാം പ്രകടിപ്പിക്കുകയില്ലായിരുന്നു. ഓ! മറിയം അറിയപ്പെട്ടിരുന്നെങ്കിൽ നമ്മുടെ വിശ്വാസം എത്ര കൂടുതൽ അത്ഭുതാവഹമാകുമായിരുന്നു. നമ്മുടെ ദിവ്യകാരുണ്യസ്വീകരണം എത്ര വിഭിന്നമാകുമായിരുന്നു. ഓ! മറിയത്തെ നാം യഥാർത്ഥത്തിൽ അറിഞ്ഞിരുന്നെങ്കിൽ നാം എത്ര പുളകിതഗാത്രരാകുമായിരുന്നു. നാം എത്ര കുറച്ചുമാത്രം ഭൗമികരാകുമായിരുന്നു. നാം എത്രമാത്രം അവളുടെ ദിവ്യസുതന്റെ— നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹായുടെ— സജീവ പ്രതിരൂപങ്ങളാകുമായിരുന്നു.

എക്കുമേനിസയുഗം ഫലമണിഞ്ഞു് മാനവരാശിയുടെ ക്രിസ്തുവിലുള്ള യഥാർത്ഥവും സാർവ്വത്രികവുമായ ഐക്യം ആത്മാർത്ഥമായി അഭിലഷിക്കുന്നവർ പ. കന്യക പരിത്രാണകർമ്മത്തിലും അതുപോലെ ക്രൈസ്തവൈക്യത്തിലും വഹിക്കുവാനുള്ള പങ്കു് എന്തെന്നു് മനസ്സിലാക്കി

പ്രവത്തിക്കണം. സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ യായ മറിയം വഴി മാത്രമെ ഐക്യത്തിനുള്ള അനുഗ്രഹ വും ലഭിക്കുകയുള്ളു. ക്രിസ്തുവിൻെറ ഭരണം മറിയം വഴി യായി സമാരംഭിക്കട്ടെ. ഓരോ വ്യക്തിയിലും, കുടുംബ ത്തിലും, സമൂഹത്തിലും, വിശ്വമഖിലവും.

ഗ്രീക്കു് ഓത്തഡോക്സു് സഭയാണല്ലൊ ഇപ്പോഠം പു നരൈക്യത്തിൽ ഏററവും ഔത്സുക്യം പ്രദശിപ്പിക്കുന്നതു്. അതിൻെറ കാരണമെന്താണു്? ഗ്രീക്കുകാർ കത്തോലി ക്കാസഭയെപ്പോലെ തന്നെയാണു് പ. കന്യകയെ പരി ഗണിക്കുന്നതു്. മാതാവിനെ കൂടുതൽ സ്നേഹിക്കുകയും ബ ഹുമാനിക്കുകയും ചെയ്യുന്ന സഭകളായിരിക്കും സത്യസഭ യുമായി ആദ്യം ഐക്യപ്പെടുക. ആംഗ്ലിക്കൻ സഭയിലും ഐക്യത്തിനുള്ള അഭിനിവേശം ആരംഭിച്ചിട്ടുണ്ടു്. 1982 ഫെബ്രുവരിയിൽ ജോൺപോഠം മാപ്പാപ്പാ ഇംഗ്ലണ്ടു സ ന്ദശിക്കുമ്പോഠം കത്തോലിക്കാസഭയും ആംഗ്ലിക്കൻ സഭ യുമായി സമാഗമം ഉളവാകുമെന്നു് പ്രതീക്ഷിക്കുന്നു. അ വരും വലിയ മരിയഭക്തരാണല്ലൊ. മരിയഭക്തിയെ നി രുത്സാഹപ്പെടുത്തുന്നതു് ലാഘവബുദ്ധിയോടുകൂടിയ എ ക്കുമേനിസമത്രെ.

അടുത്തകാലത്തു് ഈജിപ്തിലെ ഒരു കോപ്ററിക്കു് ദേവാലയത്തിൻെറ ബാൽക്കണിയിൽ പ. കന്യക, മുസ്ലീംങ്ങഠംക്കും, കോപ്ററിക്കു് സഭാംഗങ്ങഠംക്കും, ക ത്തോലിക്കർക്കും ഒരുപോലെ ദർശനമരുളിയതായി ഇൻ ഡ്യൻ എക്സ്പ്രസ്സ് ഉഠംപ്പെടെ പല പത്രങ്ങളിലും വായിച്ചതായി ഓമ്മിക്കുന്നു. സമാധാനം, സമാധാനം, സമാധാനം എന്ന സന്ദേശമാണു് മരിയാംബിക നല്കി യതു്.

## അദ്ധ്യായം 8

# നാം പ്രത്യാശയപ്പിച്ചിരിക്കുന്ന മാതാവ്

പ. പിതാവ് ജോൺപോൾ രണ്ടാമൻ തിരുമേനിയുടെ മനുഷ്യരക്ഷകൻ (Redemptor Hominis) എന്ന വിശ്വലേഖനത്തിൻെറ അവസാനഭാഗത്ത് പ. കന്യകയെ പരാമർശിച്ച് പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്. അതിനാൽ പുതിയ ഭരണകാലത്ത് സഭയുടെ ജീവിതത്തിൻെറ അഗാധതലത്തിലേയ്ക്കു പ്രവേശിക്കുന്നതിനു എൻെറ ചിന്തകളും ഹൃദയവും മനുഷ്യരക്ഷകൻെറ പക്കലേയ്ക്കു തിരിക്കുന്നു. സഭ ജീവിക്കുന്നെങ്കിൽ അതിനുള്ള ചൈതന്യം ക്രിസ്തുവിൽനിന്നും വലിച്ചെടുക്കുന്നു. അവിടന്നു ആഗ്രഹിക്കുന്നതു നമുക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്. (വി. യോ. x. 10) ഈ ജീവൻെറ പൂർണ്ണത മനുഷ്യനുവേണ്ടിയാണ്. തന്നിമിത്തം സഭ പരിത്രാണരഹസ്യത്തിൻെറ എല്ലാ സമ്പത്തിനോടും ഐക്യപ്പെട്ട് ജീവനുള്ള ദൈവജനത്തിൻെറ സഭയായിത്തീരുന്നു. സത്യാത്മാവിൻെറ പ്രവർത്തനത്താലും നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവു വർഷിച്ച സ്നേഹത്താലുമാണ് ചലനാത്മകമായിത്തീരുന്നത്.

സഭയിലുള്ള ഏതു പ്രവർത്തനത്തിൻെറയും, പ്രേഷിതവൈദിക, ആത്മപാലന, അജപാലനപരമൊ ആയിക്കൊള്ളട്ടെ രക്ഷാകരരഹസ്യവും മനുഷ്യനുമായിട്ടുള്ള ഈ ചലനാത്മക ബന്ധം നിലനിറുത്തുകയാണ് ലക്ഷ്യം.

ഇതെപ്പററി നാം അവബോധമുള്ളവരായിത്തീരുമ്പോഴാണ് തിരുസ്സഭമാതാവാണെന്നും, സഭയ്ക്കു ഒരു മാതാവിനെ എന്നും പ്രത്യേകിച്ച് നമ്മുടെ ഇക്കാലത്തു ആവശ്യമുണ്ടെന്നും പറയുന്നതിൻെറ അർത്ഥം നന്നായി മനസ്സിലാകും. ജനതകളുടെ പ്രകാശം എന്ന ഡിക്രിയിൽ സമ്പന്നമാ

യ മരിയശാസ്ത്രതത്വങ്ങളിലൂടെ ഈ സത്യം പ്രകാശിപ്പിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പിതാക്കന്മാരോട്ട് നാം പ്രത്യേക വിധമായ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ കടപ്പെട്ടുന്നു. ആ പ്രബോധനങ്ങളാൽ പ്രചോദിതനായി പൗലോസ് ആറാമൻ ക്രിസ്തു ജനനിയെ ''സഭയുടെ മാതാവായി'' പ്രഖ്യാപിക്കുകയും ആ അഭിധാനം എല്ലായിടത്തും പ്രചരിക്കുകയും ചെയ്തു. ഈ പരിചിന്തനങ്ങളുടെ പരിസമാപ്തിയിൽ അദ്ദേഹത്തിന്റെ അയോഗ്യനായ പിൻഗാമി പാപ്പായെന്ന നിലയിലുള്ള സേവനത്തിന്റെ ആരംഭദശയിൽ തന്നെ സഭയുടെ മാതാവായ മറിയത്തിലേയ്ക്കു തിരിയുവാൻ അനുവദിച്ചാലും. മറിയം സഭയുടെ മാതാവായത്ത് നിത്യപിതാവിന്റെ അപരിമേയതെരഞ്ഞെടുപ്പിലൂടെ; പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവത്തനത്താൽ അവരം ദൈവസുതന്റ് മനുഷ്യജന്മം നല്കിയതുനിമിത്തവുമത്രെ. അങ്ങിലും, അങ്ങുവഴിയും, അങ്ങേയ്ക്കുവേണ്ടിയും എല്ലാം അസ്തിത്വം പ്രാപിക്കുന്നു. അങ്ങിൽനിന്നാണ് ദൈവജനം മുഴുവൻ തെരഞ്ഞെടുപ്പിന്റെ മഹത്വം പ്രാപിച്ചതു്. അവളുടെതിരുസുതൻ, കുരിശിൽ ഉയർത്തപ്പെട്ടപ്പോരം ശ്രേഷ്ഠശിഷ്യനായ യോഹന്നാനെ അവളുടെ പുത്രനായി ഭരമേല്പിച്ചുകൊണ്ടു് എല്ലാവക്കും മനസ്സിലാകത്തക്കവിധം അവിടുത്തെ മാതാവിന്റെ മാതൃത്വം വിശാലമാക്കി അന്ധകാരത്തിൽനിന്നും സഭ ദൃശ്യമായ രീതിയിൽ ജന്മമെടുത്ത പന്തക്കുസ്താദിനത്തിൽ, ഊട്ടുശാലയിൽ സമ്മേളിച്ച് പ്രാത്ഥനാനിരതയായിരിക്കുവാൻ പരിശുദ്ധാത്മാവു് അവക്കു് പ്രചോദനം നല്കി. ക്രിസ്തുവിൽ വിശ്വസിക്കുന്ന പിന്നീടുള്ള തലമുറകരം യോഹന്നാനെപ്പോലെ ഈഅമ്മയെ ആത്മീയമാതാവായി തങ്ങളുടെ ഭവനങ്ങളിൽ സ്വീകരിച്ചു. ഇപ്രകാരം പ. കന്യകമറിയം മംഗലവാത്തയുടെ നിമിഷം മുതൽ പരിത്രാണചരിത്രത്തിലും സഭയുടെ ആരംഭത്തിലും ഭാഗഭാക്കായി. 'ഇന്നത്തെ തലമുറയിൽപ്പെട്ടനാമും അവളോട്ട് സവിശേഷമായവിധം ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ പൗരാണികമായ പാരമ്പര്യമനുസരിച്ചും എല്ലാ ക്രൈസ്തവസമൂഹങ്ങളോടുമുള്ള സ്നേഹത്തിലും ബഹുമാനത്തിലുമാണ് നാം ഇപ്രകാ

രം ചെയ്യുന്നതു്. ഇന്നത്തെ വൈഷമ്യമേറിയതും ഉത്തര വാദിത്വപൂർണ്ണവുമായ പ്രതിസന്ധിഘട്ടത്തിൽ പരിത്രാണ രഹസ്യം നിമിത്തം തിരുസ്സഭയുടെയും ചരിത്രത്തിൻെറയും കർത്താവായ മിശിഹായോടുള്ള ഐക്യം അനുപേക്ഷണീയമാണെന്നു നമുക്കു തോന്നുന്നുണ്ടെങ്കിൽ ഈ രഹസ്യത്തിൻെറ ദൈവികവും മാനുഷികവുമായ മണ്ഡലങ്ങളിലേയ്ക്കു മറിയത്തിനല്ലാതെ മററാർക്കും നമ്മെ നയിക്കുവാൻ സാദ്ധ്യമല്ലെന്നു നാം വിശ്വസിക്കുന്നു. മറിയത്തെപ്പോലെ മററാരെയും ദൈവം അതിലേയ്ക്കുയർത്തിയിട്ടില്ല. ഇതിലാണു് ദൈവമാതൃത്വത്തിൻെറ അസാധാരണമായ അനുഗ്രഹമടങ്ങിയിരിക്കുന്നതു്. ഈ മാതൃത്വം അതുല്യവും മാനവകുലചരിത്രത്തിൽ വീണ്ടും ആവർത്തിക്കുവാൻ പാടില്ലാത്തതുമാണെന്നുമാത്രമല്ല, പരിത്രാണ രഹസ്യത്തിലുള്ള മറിയത്തിൻെറ ഈ മാതൃത്വം വഴിയുള്ള ഭാഗഭാഗിത്വം അഗാധതയിലും പ്രവർത്തനത്തിലും പരമോന്നതവുമത്രെ.

''നിൻെറ വചനം പോലെ എന്നിൽ ഭവിക്കട്ടെ എന്ന വാക്കുകൾ നസ്രസിലെ കന്യക ഉദീരണം ചെയ്തപ്പോൾ അവളുടെ ഹൃദയത്തിൻെറ അടിത്തട്ടിലാണു് പരിത്രാണ രഹസ്യം രൂപംകൊണ്ടതെന്നു് നമുക്കു പറയുവാൻ കഴിയും. ആനിമിഷം മുതൽ പരിശുദ്ധാത്മാവിൻെറ പ്രത്യേക പ്രവർത്തനത്താൽ ആ ഹൃദയം, കന്യകവും, മാതൃസഹജവുമായ ആ ഹൃദയം അവളുടെ ദിവ്യസുതൻെറ പ്രവർത്തനങ്ങളെയും ക്രിസ്തുനാഥൻ ആരെയെല്ലാം അപാരമായ സ്നേഹത്താൽ സമാശ്ലേഷിക്കുകയും തുടർന്നു സമാശ്ലേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവോ അവരെയും അനുഗമിക്കുന്നു. അതിനാൽ അവളുടെ ഹൃദയത്തിനും ഒരു അപാരതയുണ്ടു്.

''തൻെറ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതിരിക്കുവാൻ അവനെ നല്കുവാൻ മാത്രം അത്ര അധികം സ്നേഹിച്ച'' പിതാവിൻെറ സ്നേഹം നമ്മുടെ പക്കൽ എത്തുന്നതു് ഈ മാതാവു് വഴിയാണു്. അതിനാൽ സഭയുടെ അനുദിനജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും മറിയം ഉണ്ടായിരിക്കണം.

ഈ വിശ്വലേഖനം അവസാനിപ്പിക്കുന്നതിനു മുമ്പായി വിനയാന്വിതവും സ്നേഹപൂർണ്ണവുമായി ഒരാഹ്വാനം അപ്പസ്തോലന്മാർ ഈശോയുടെ അമ്മയോടുകൂടി പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കുവാനുള്ളതു് നല്കുന്നു.

സർവ്വോപരി ഞാൻ മറിയത്തോടു്, സഭയുടെ സ്വർഗ്ഗീയമാതാവിനോടു് അവളുടെ ഏകപുത്രൻെറ മൗതിക ശരീരമായ സഭയോടൊത്തു് പ്രാർത്ഥിക്കുകയാണു്, മാനവകുലത്തിൻെറ പുതിയ നവീകരണത്തിനായി അവിടത്തെ പ്രാർത്ഥന വിനിയോഗിക്കണമെന്നു്. ഈ പ്രാർത്ഥനയാൽ പരിശുദ്ധാത്മാവു് നമ്മുടെ മേൽ എഴുന്നള്ളിവന്നു് ജറുസലത്തെ ഊട്ടുശാലയിൽ അപ്പസ്തോലന്മാരെപ്പോലെ ലോകത്തിൻെറ അതിർത്തിവരെ ക്രിസ്തുവിൻെറ സാക്ഷികളാകുവാനും നാം കരുത്തുററവരാകുമെന്നു് ഞാൻ പ്രത്യാശിക്കുന്നു.

## കന്യകാമാതാവു്.

വാത്സല്യത്തിനു് മറിയത്തിൻെറ ഹൃദയംപോലെ അഗാധമായ മറെറാരു മൂല്യസ്ഥാനമില്ല. ഭക്തിക്കു് ഇത്രയും പരിശുദ്ധമായ ശ്രീകോവിലില്ല. ധീരതയ്ക്കു് ഇത്രയും ചടുലമായ ഒരു മാധ്യമമില്ല. കാരുണ്യത്തിനു് ഇത്രയും വാചാലമായ ഒരു ശക്തിവിശേഷമില്ല. ത്യാഗത്തിനു് ഇത്രയും ആശ്രുമോചിതമായ സംയമസ്ഥാനമില്ല. അനശ്വരതയ്ക്കു് ഇത്രയും ആധികാരികമായ ഒരു വാഗ്ദാനമില്ല. കന്യാത്വത്തിനു് ഇത്രയും സംശുദ്ധമായ ഒരു പ്രതിച്ഛായ ഇല്ല. മാതൃത്വത്തിനു് ഇത്രയും മസൃണമായ ഒരു മാതൃകയില്ല.

പ്രൊഫസർ ജഗന്നാഥപണിക്കർ,
കലാകൗമുദി,
1975. ഡിസംബർ. 26.

## അദ്ധ്യായം ഒൻപതു്

# പ്രകൃത്യതീതസ്ഫോടനം

സുപ്രസിദ്ധ യവന പ്രഭാഷകനായ ഡയോജിനസ് ഒരു ദിവസം ഏഥൻസ് നഗരവാസികളോട് സ്വരാജ്യസ്നേഹത്തെക്കുറിച്ച് പ്രൗഢഗംഭീരമായ ഒരു പ്രസംഗം നടത്തി. പക്ഷേ ജനങ്ങൾ അതിൽ യാതൊരു ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിച്ചില്ല. തൻനിമിത്തം അദ്ദേഹം കുട്ടികൾക്കുവേണ്ടിയുള്ള ഒരു കഥപറയുവാൻ തുടങ്ങി. ഉടനെ എല്ലാവരും അതു് കേൾക്കുവാൻ തല്പരരായതായി ഒരു സംഭവം വായിച്ചിട്ടുണ്ടു്. ആധുനിക മനുഷ്യക്കും ഇന്നു് ദൈവത്തെക്കുറിച്ചും സനാതനമൂല്യങ്ങളെക്കുറിച്ചും ശ്രവിക്കുവാനുള്ള ചെവിയില്ല. ഗ്രഹിക്കുവാനുള്ള ബുദ്ധിയില്ല. ആസ്വദിക്കുവാനുള്ള ഹൃദയവുമില്ല.

ഭൗതിക വാദികൾ ഏതെങ്കിലും കാര്യത്തെ വിലയിരുത്തുന്നതു് എത്രമാത്രം ആദായം ലഭിക്കുമെന്നുള്ളതിനെ ആസ്പദമാക്കിയാണെങ്കിൽ ലൗകായതികർ എത്രമാത്രം സന്തോഷമുണ്ടെന്നും അലസർ എന്തുമാത്രം എളുപ്പമാണെന്നും കണക്കാക്കിയാണ്. ദൈവത്തെയും സനാതനമൂല്യങ്ങളെയും വിസ്മരിച്ചുകൊണ്ടു് ഈ ലോകത്തിൽ സമത്വ സുന്ദരമായ ഒരു ഭൗമ്യ പറുദീസാ കെട്ടിപ്പടുക്കാമെന്നുള്ള വ്യാമോഹത്തിൽ ആധുനിക മനുഷ്യൻ പരക്കം പായുന്നു. ലൗകായതികത്വത്തിലേയ്ക്കാഞ്ഞടിയുന്ന ആധുനികലോകം ഒരു അണു ആത്മഹത്യയുടെ വക്കിൽ എത്തിനില്ക്കുകയാണ്. ലോകത്തെ ഒരു അണുയുദ്ധത്തിൽനിന്നും രക്ഷിക്കുവാൻ ലോകൈക ധാർമ്മികസമ്രാട്ടായ ജോൺപോൾ രണ്ടാമൻ മാപ്പാപ്പാ ലോകമന:സാക്ഷിയെ പലവിധത്തിൽ തട്ടി ഉണർത്തുവാൻ പരിശ്രമിക്കുന്നു. പ. പിതാവിൻെറ പ്രഥമ വിശ്വലേഖന

മായ മനുഷ്യരക്ഷകൻ, യു. എൻ. ജനറൽ അസംബ്ലിയിൽ ചെയ്ത പ്രഭാഷണം 1979 ലെ ക്രിസ്തുമസ്സ് സന്ദേശം എന്നിവ പ്രാധാന്യമർഹിക്കുന്നവയാണ്.

കമ്യൂണിസം ജനാധിപത്യത്തിൻെറ മൂടുപടമണിഞ്ഞു് ലോകാധിപത്യത്തിനുവേണ്ടി പരിശ്രമിക്കുന്നു. ക്രൈസ്തവരുടെ ഇടയിൽ പോലും ലൗകായതികമായ ചിന്താഗതി ശക്തി പ്രാപിച്ചു വരികയാണ്. ലൈംഗികാതിപ്രസരവാദവും, രാഷ്ട്രീയാതിപ്രസരവും, ധാർമ്മികാധഃപതനവും ഈശ്വരവിശ്വാസികളുടെ ജീവിതം തന്നെ അപഹാസ്യമാക്കിയിരിക്കുന്നു. കഴിഞ്ഞതെരഞ്ഞെടുപ്പിൽ ഒരു കത്തോലിക്കൻെറ രാഷ്ട്രീയ വീക്ഷണത്തോടു് യോജിക്കാത്ത പ്രസ്താവന ഒരു അഭിവന്ദ്യമെത്രാൻ ചെയ്തതിൻെറ പേരിൽ കത്തോലിക്കൻെറ നാവിൽനിന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത ചിലകാര്യങ്ങൾ പറഞ്ഞതായികേട്ടു. ലാസന്നെ എന്ന താത്വികൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദൈവം ഇന്നു് ഒരു പ്രതിസന്ധിയിലാണ്. ചിലർ ദൈവാസ്തിത്വം നിക്ഷേധിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവർ ദൈവം ഇല്ലെന്നവിധത്തിലാണ് ജീവിക്കുന്നതു്.

## ക്രൈസ്തവധർമ്മം

ഈ വിപൽസന്ധിയിൽ വിശ്വവ്യാപകമായി ക്രൈസ്തവക്ക് വിശിഷ്യാ കത്തോലിക്കക്ക് ചിലതെല്ലാം ചെയ്യുവാൻ സാധിക്കും. ആധുനികലോകത്തിൻെറ മനഃസാക്ഷിയെ തട്ടിയുണർത്തി അതിനെ ആദ്ധ്യാത്മിക പ്രബുദ്ധമാക്കുന്നതിനുള്ള ഒരു ദിവ്യാഹ്വാനമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് ലോകത്തിലുള്ള എല്ലാ നല്ല മനുഷ്യർക്കും നല്കിയതു്. സൂനഹദോസ് സർവ്വതന്ത്ര സ്വാതന്ത്ര്യമായ ജീവിതത്തിനുള്ള അനുവാദപത്രിക നല്കിയിരിക്കുന്നതായിട്ടാണ് പല കത്തോലിക്കരും കരുതുക. ക്രിസ്തുവിനെപ്പററിയും ക്രൈസ്തവജീവിതത്തെ ആ

സ്സ്ദമാക്കിയും ആധുനികമായ വീക്ഷണത്തിൽ ധാരാളം ലേഖനങ്ങളും, സെമിനാറുകളും വിപ്ലവാത്മകമായ പരിവർത്തനത്തിനുള്ള ആഹ്വാനം നല്കിയിട്ടുണ്ട്. പക്ഷേ കേരളകത്തോലിക്കരിൽ ഒരു നല്ല വിഭാഗത്തിൽ കാര്യമായ ചലനങ്ങളൊന്നും അതു് സൃഷ്ടിച്ചിട്ടില്ല. ഓരോരുത്തരും സ്വന്തം കാര്യം സിന്ദാബാദ് എന്ന ആദർശവുമായി മുന്നേറുന്നു. അതിൽനിന്നും നമ്മെ ഉണർത്തുവാൻ അനേകം ആഹ്വാനങ്ങൾ നമുക്കു ലഭിച്ചു. അവയെല്ലാം ബധിരകർണ്ണങ്ങളിലാണ് പതിച്ചതെന്നു തോന്നിപ്പോകുന്നു. നാം ഇതുവരെയായിട്ടും ഉണർന്നില്ല.

നാം ഇനിയും ഉണരുന്നില്ലെങ്കിൽ പിന്നെ ഉണരുന്നതുകൊണ്ട് പ്രയോജനമില്ലെന്നു വന്നേക്കാം. അല്ലെങ്കിൽ ഉണരുവാൻ സാധിക്കാതെ വരുന്നതാണ്.

## വത്തിക്കാൻ സൂനഹദോസ് വിഭാവനചെയ്ത വിപ്ലവം

രണ്ടാം വത്തിക്കാൻസൂനഹദോസ് വിളിച്ചു കൂട്ടുവാൻ പ. പിതാവ് ജോൺ ഇരുപത്തിമൂന്നാമനു് പ്രചോദനം സിദ്ധിച്ച ഒരു സംഭവം വായിച്ചതായി ഓർമ്മിക്കുന്നു. 1959 ഡിസംബർ മാസത്തിൽ ഒരു ദിവസം പാവനചരിതനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ വത്തിക്കാൻ തോട്ടത്തിലൂടെ ഒരു സായാഹ്നസവാരിക്കു പുറപ്പെട്ടു. അപ്പോൾ പ. പിതാവ് ഒരു വസ്തുത ദർശിച്ചു. വത്തിക്കാനിലെ സെൻറ് പീറേറഴ്സ് ബസ്സീക്കായുടെ ബ്രഹ്മാണ്ഡമായ താഴികക്കുടം അസ്തമനസൂര്യൻെറ ചെങ്കതിരുകളേററു് വെട്ടിത്തിളങ്ങുകയാണ്. ഉടനെ പ. പിതാവിനുണ്ടായ പ്രചോദനം അദ്ദേഹത്തിൻെറ സെക്രട്ടറിയോടു് ഇപ്രകാരം അരുളിച്ചെയ്തു. ''ആ താഴികക്കുടം കണ്ടാൽ അതു് ലോകത്തിൻെറ ഒരു ദീപമാണെന്നു നമുക്കു തോന്നുന്നു. കത്തോലിക്കരായ നമ്മെ ഓരോരുത്തരെയും ദൈവം ഈ ലോകത്തിലേയ്ക്ക

യച്ചിരിക്കുന്നതു് ലോകത്തിൻെറ മുമ്പിൽ ഒരു ദീപമായി പ്രശോഭിക്കുവാനാണു്. ഇന്നു് ലോകത്തിലുള്ള എല്ലാ കത്തോലിക്കരും തങ്ങളുടെ മാതൃകാപരമായ കത്തോലിക്കാജീവിതത്തിലൂടെ ഈ ലോകത്തിൻെറ മുമ്പിൽ ഒരു ദീപമായി പ്രശോഭിച്ചിരുന്നെങ്കിൽ ലോകത്തിൽ ഒരൊററ വ്യക്തിയും അകത്തോലിക്കനായി അവശേഷിക്കുകയില്ലായിരുന്നു. ഇതിൽനിന്നും വത്തിക്കാൻ സൂനഹദോസു് വിഭാവനം ചെയ്ത ആദ്ധ്യാത്മിക വിപ്ളവം എന്താണെന്നു് നമുക്കു് അനുമാനിക്കാമല്ലോ. ക്രൈസ്തവചൈതന്യത്തിൻെറ നവോത്ഥാനം അരൂപിയുടേയും സ്നേഹത്തിൻേറതുമായ ഒരു ആദ്ധ്യാത്മിക വിപ്ളവം ആഗോള വ്യാപകമായി അലയടിച്ചുയരണം.

## പ്രകൃത്യാതീതസ്ഫോടനം

അണുബോംബിൻെറ ഭീകരമായ ശക്തിയെ വെല്ലുന്ന ഒരു പ്രകൃത്യതീത സ്ഫോടനത്തിനു മാത്രമെ ഇന്നത്തെ ലോകത്തിൽ അപ്രകാരം ഒരു വിപ്ളവം ഉളവാക്കുവാൻ സാധിക്കുകയുള്ളു. ലോകചരിത്രത്തിൽ ചുരുക്കം ചില അവസരങ്ങളിൽ മാത്രമെ അപ്രകാരമുള്ള ആദ്ധ്യാത്മിക സ്പോടനം ഉണ്ടായിട്ടുള്ളു. ഒന്നാമതായി ഉണ്ടായ സ്പോടനം പന്തക്കുസ്താദിനത്തിലാണു്. പ. കന്യകയുടെ നേതൃത്വത്തിൽ പ്രാത്ഥനാനിരതരായിരുന്ന അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവു് എഴുന്നള്ളിവന്നു. അന്നുവരെ സാക്ഷരതാരഹിതരും. ഭീരുക്കളും ലൗകായതികരുമായിരുന്ന അപ്പസ്തോലന്മാരിലൂടെ പരിശുദ്ധാത്മാവു് ഒരു നവ്യലോകം സൃഷ്ടിച്ചു.

രണ്ടാമത്തെ പ്രകൃത്യതീത സ്ഫോടനം ഉണ്ടായതു് 1541-ൽ മെക്സിക്കോയിലെ ഗ്വഡലൂപ്പ് എന്നസ്ഥലത്തു് ജുവാൻഡിയേഗോ എന്ന സാധുമനുഷ്യനു് ദൈവജനനി പ്രത്യക്ഷപ്പെട്ട അവസരത്തിലാണു്. അവിടെ അന്നു മുതൽ തുടർച്ചയായി എഴു വർഷക്കാലം കൊണ്ടു് 80 ലക്ഷം പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. (A Woman Clothed with the Sun; John J. Delaney)

പിന്നീട് 1858-ൽ ലൂർദ്ദിലും 1917-ൽ ഫാത്തിമാ യിലും ദിവ്യജനനി പ്രത്യക്ഷപ്പെട്ടപ്പോഴും അപ്രകാരം മുള്ള പ്രകൃത്യതീത ശക്തികളുടെ സ്ഫോടനമുണ്ടായി 220 ലക്ഷം നീലമുന്നണി അംഗങ്ങൾ (Blue Army) ഫാത്തിമാനാഥയുടെ ആഹ്വാനമനുസരിച്ച് ഒരുപ്രാർത്ഥനാ സമരം ഇന്നും നടത്തിക്കൊണ്ടിരിക്കുകയാണ് വിമലാ ബികയുടെ വിജയത്തിനായി. ഫ്രാൻസിലും പോർച്ചുഗ ലിലും ലോകത്തിൽ ഉടനീളവും ആ സംഭവങ്ങൾ നിർണ്ണാ കയമായ സ്വാധീനം ചെലുത്തി. ക്രൈസ്തവസംസ്കാരത്തി ന്റെ വളർച്ചയിൽ മേരി വലിയ ശക്തിയായിരുന്നുഎ ന്ന് അകത്തോലിക്കാ ചരിത്രകാരനായ ആർനോൾഡ് ടോയിംബി രേഖപ്പെടുത്തുന്നു.

പ്രകൃത്യതീതസ്ഫോടനം സംഭവിച്ച അവസരങ്ങ ളിൽ പ. കന്യകയുടെ സാന്നിദ്ധ്യത്തിലാണ് അവയെ ല്ലാം നടന്നതു്. എന്നാൽ അക്കാര്യം വിസ്മരിച്ചുകൊണ്ടു് ആധുനിക കരിസ്മാററിക്ക് പ്രസ്ഥാനക്കാർ അവരുടെ സംരംഭങ്ങളിൽ പ. കന്യകയ്ക്കു് അർഹമായ സ്ഥാനം നല്കി യിട്ടില്ല. (Fr. Lessle, Charismatic movement and the Holy Spirit.) ഒരുപക്ഷേ അകത്തോലിക്കാ പശ്ചാത്ത ലത്തിൽ ജന്മമെടുത്തതായിരിക്കും അതിനുകാരണം. പ. കന്യകയ്ക്കു അർഹമായസ്ഥാനം നല്കിയാൽ പ്രകൃത്യതീത ശക്തിയുടെ വമ്പിച്ച സ്ഫോടനമായിതീരുന്നതാണ്. അതിന്റെ ഫലം ശാശ്വതവും വിശ്വവ്യാപകവുമായി രിക്കും.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തിരുസ്സഭയെ ക്കുറിച്ചുള്ള ഡിക്രിയിൽ "ക്രിസ്തുവിന്റെയും സഭയുടെയും രഹസ്യത്തിൽ പ. കന്യകയ്ക്കുള്ള സ്ഥാനം" എന്ന അദ്ധ്യാ യത്തിലും അമർത്യസ്മരണാർഹനായ പോൾ മാർപ്പാപ്പാ യുടെ മരിയഭക്തി(Marialis Caltus) എന്ന ശ്ലൈഹികലേ ഖനത്തിലും പ. കന്യകയ്ക്കു കത്തോലിക്കാജീവിതത്തിലു

ള്ള സ്ഥാനം വളരെ മനോഹരമായി പ്രതിപാദിച്ചിട്ടുണ്ടു്. അതുമനസ്സിലാക്കി എല്ലാ കത്തോലിക്കരും മരിയഭക്തിയിൽ നവോത്ഥാനം ഉളവാക്കണം. കുടുംബങ്ങളിലും പ. കന്യകയ്ക്കു ഒരു സുപ്രധാനമായ സ്ഥാനം നല്കുക. മരിയഭക്തിയിൽ മക്കളെ വളർത്തിക്കൊണ്ടുവരണം.

വി.ഗ്രത്തോൺ ദെ. മോൺഫോർട്ടു് 200 വർഷങ്ങൾക്കുമുമ്പു് ഒരു പ്രവചനം നിർവഹിച്ചിട്ടുണ്ടു്. ലോകത്തിൽ പാപപങ്കിലമായ ഒരു ലൗകികസാമ്രാജ്യം ഉദയം ചെയ്യുമ്പോൾ ദൈവം പരിശുദ്ധാത്മാവിനാലും പ.കന്യകയുടെ ചൈതന്യത്താലും ഉത്തേജിതരായആത്മാക്കളെ തെരഞ്ഞെടുത്തു് അവർ വഴി ലോകത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കും. അവർ ഒരു കരം കൊണ്ടു് സഭയുടെ ശത്രുക്കളോടു സമരം ചെയ്യുകയും മറേറ കരംകൊണ്ടു് സഭയെ പടുത്തുയർത്തുകയും ചെയ്യും. അപ്രകാരം പാപപങ്കിലമായ ലൗകികസാമ്രാജ്യത്തിൻെറ സ്ഥാനത്തു് ക്രിസ്തുവിൻെറ സ്നേഹസാമ്രാജ്യം സ്ഥാപിക്കും. ആധുനിക ലോകത്തിൽ പാപപങ്കിലമായ ഒരു ലൗകിക സാമ്രാജ്യം കാണുന്നുണ്ടു്. കമ്യൂണിസവും, ധാർമ്മികാധ:പതനവും, ലൈംഗികാതിപ്രസരവാദവുമെല്ലാം അതിനു വഴി ഒരുക്കി. തൽസ്ഥാനത്തു് ക്രിസ്തുവിൻെറ സ്നേഹസാമ്രാജ്യം സ്ഥാപിക്കുവാൻ പരിശുദ്ധാത്മാവിനാലും പ.കന്യകയുടെ ചൈതന്യത്താലും ഉത്തേജിതരായ ആത്മാക്കളെയാണാവശ്യമായിരിക്കുന്നതു്.

പ.കന്യകയോടുള്ള കേവലം വൈകാരികവും ബാഹ്യവുമായ ഭക്തിയേക്കാൾ ആന്തരികവും പരിപക്വവുമായ ഭക്തിയാണാവശ്യം. അനുകരണത്തിലും പ്രതിഷ്ഠയിലുമാണു് അതിൻെറ അന്ത:സത്ത. നമ്മുടെ അനുദിനകൃത്യങ്ങളിൽ ഓരോന്നിലും പ. കന്യകയ്ക്കു സ്ഥാനം നല്കുക. മറിയത്തോടുകൂടി, മരിയചൈതന്യത്തിൽ ദൈവജനനിയുടെ മഹത്വത്തിനായി പ. കന്യക വഴി എല്ലാം ഈശോയിക്കു സമർപ്പിക്കുക. മറെറാരു വാക്കിൽ പറഞ്ഞാൽ മരിയാത്മകമായ ഒരു ജീവിതം നയിക്കണം. അപ്രകാരം രണ്ടാം വത്തിക്കാൻ സൂനഹദോസു് ഒരു ദ്വിതീയ പന്തക്കുസ്തായായിത്തീരട്ടെ എന്നുള്ള പാവനചരിതനായ ഇരുപത്തിമൂ

ന്നാം യോഹന്നാൻ മാർപ്പാപ്പായുടെ അഭിലാഷം പൂവണിയും. ക്രസ്തുവിൽ കേന്ദ്രീകൃതമായ ഒരു നവലോകം ഉദയം ചെയ്യുവാൻ അതുകാരണമാകട്ടെ. അതിനുള്ള ആഹ്വാനമാണ് പ. ജോൺ പോറം പിതാവിൻെറ പ്രഥമ വിശ്വലേഖനത്തിൽ നിർവഹിച്ചിട്ടുള്ളത്.

മരിയാത്മകജീവിതത്തിനുതകുന്ന ഒരു പ്രാർത്ഥനയാണ് താഴെ രേഖപ്പെടുത്തിയിട്ടുള്ളത്.

എൻെറ ദൈവമെ, ഈശോമിശിഹായോടും പ. കന്യകാമറിയത്തോടും യോജിച്ചുകൊണ്ട് ദിവ്യജനനിയുടെ ചൈതന്യത്താൽ ഉത്തേജിതരായി അവിടുത്തെയും, ഈശോയുടെ ദിവ്യഹൃദയത്തിൻെറയും മഹത്വത്തിനായും, ദിവ്യകന്യകയുടെ വിമലഹൃദയസ്തുതിക്കായും ലോകപാപപരിഹാരത്തിനും, റഷ്യ, ചൈന, ഇൻഡ്യ എന്നീ രാജ്യങ്ങളുടെ മാനസാന്തരത്തിനും ക്രൈസ്തവ ഐക്യത്തിനും (പ്രത്യേകം....) എൻെറ സകല സൽകൃത്യങ്ങളും ഇന്നു് ലോകം മുഴുവനിലും അർപ്പിക്കപ്പെടുന്ന ദിവ്യബലികളോടു് യോജിച്ചുകൊണ്ട് വിമലാംബികവഴി അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു.

## മരിയഭക്തി

## വത്തിക്കാൻ സൂനഹദോസിനുശേഷം

"ആധുനിക ലോകത്തിന്റെ ഭാവിഭാഗധേയങ്ങൾ നിർണ്ണയിക്കുന്നതിൽ പ. കന്യകയ്ക്കു സുപ്രധാനമായ ഒരുപങ്കു വഹിക്കുവാനുണ്ട്" എന്നു് പാവനസ്മരണാർഹനായ പൗലോസു് ആറാമൻ മാർപ്പാപ്പാ തിരുമേനി ഒരു തീർത്ഥകസംഘത്തോടു് അരുളിച്ചെയ്യുകയുണ്ടായി. (New Leader, 1975 July) തന്നിമിത്തം പ. കന്യകയോടുള്ളഭക്തിക്കു് വളരെ പ്രാധാന്യമുണ്ട്. ക്രൈസ്തവലോകം ആ വസ്തുത മനസ്സിലാക്കി പ്രവർത്തിക്കണം. തിരുസ്സഭ, ചരിത്രത്തിലെ ഏററവും വിധി നിർണ്ണായകമായ ഒരു പ്രതിസന്ധിഘട്ടം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. മറെറല്ലാ വിപൽസന്ധിയിലും പ. കന്യകയുടെ മാതൃപരിലാളന സഭയ്ക്കു താങ്ങും തണലുമായിരുന്നു. ഈ വിപൽഘട്ടത്തിൽ മരിയഭക്തിക്കുള്ള സുപ്രധാനമായ സ്ഥാനം ഹൃദ്യമായി പ്രതിപാദിക്കുന്ന ഒരുത്തമഗ്രന്ഥമാണു് മരിയഭക്തി വത്തിക്കാൻ സൂനഹദോസിനുശേഷം.

ഫാ. കമിൽ സി. എം. ഐ



# മരിയഭക്തിയും
# വത്തിക്കാൻ സൂനഹദോസും

ഫാ. കമിൽ. സി. എം. ഐ

Indic Digital Archive Foundation
gpura.org